# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമങ്ങാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM /MI-224/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 06/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നെടുമങ്ങാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

.

നമ്പർ: KSA/TVM /MI-224/2022. തീയ്യതി: 06/05/2022

## തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-01-2020 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 10-01-2022 | 21-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 21-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സിന്ധു പിഎസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സിന്ധുലാബീവി എം. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജസ്റ്റിൻരാജ് റ്റി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തനൂജാ എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കോസല രാമദാസ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രഞ്ജിത്ത്, ഓഡിറ്റർ
ശ്രീമതി.ആതിര.സി.എസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചെറ്റച്ചൽ സഹദേവൻ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ.എസ്.നാരായണൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കൃഷ്ണകുമാർ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.വിജയകുമാരി | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ.പ്രേം ലാൽ.ബി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സരസ് ചന്ദ്രൻ | പ്രിൻസിപ്പാൾ ജി.ജി.എച്ച്.എസ്.എസ് | 01-04-2019 | 31-03-2020 |
| ഡോ.സൈറ.ആർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ശില്പ ബാബു തോമസ് | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിസി ഡാർലിംഗ് | എ,എഫ്.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.ഉണ്ണി.ജി | ഹെൽത്ത് ഓഫീസർ | 01-04-2019 | 24-09-2019 |
| ശ്രീമതി.ആലീസ് ജോസി | ഹെൽത്ത് ഓഫീസർ | 25-09-2019 | 31-03-2020 |
| ശ്രീ.ശ്രീകുമാരൻ.സി | പ്രോജക്ട് ഓഫീസർ | 01-04-2019 | 05-09-2019 |
| ശ്രീ.റാംകുമാർ എം.ആർ | പ്രോജക്ട് ഓഫീസർ | 06-09-2019 | 31-03-2020 |
| ശ്രീമതി.സമീറ എ.എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.റെജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 11-12-2019 |
| ശ്രീമതി അനുശ്രീ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-12-2019 | 20-02-2020 |
| ശ്രീമതി. വിദ്യ.എസ്. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-02-2020 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-1-1 |
| 2 | ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-1-2 |
| 3 | പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം.<br>Written By: THANUJA M.N. (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-03-2022) | 1-1-3 |
| 4 | RP 47 ഷെഡ്യൂൾ പ്രകാരമുള്ള ചെലവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-03-2022) | 1-1-4 |
| 5 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 1-2 |
| 6 | അക്കൗണ്ട്സ് പരിശോധന - അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-1 |
| 7 | മുൻകൂറുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-2 |
| 8 | Benificiary Contribution ഇനത്തിൽ വർഷങ്ങളായി വലിയ തുക നീക്കിയിരിപ്പുണ്ട്.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-3 |
| 9 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-4 |
| 10 | അടങ്കൽ തുകയെക്കാൾ അധികം ചെലവ് ചെയ്തിരിക്കുന്നു.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-5 |
| 11 | കാലാവധി കഴിഞ്ഞ ചെക്കുകൾ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-05-2022) | 1-2-6 |
| 12 | ചെക്കുകൾ നിക്ഷേപിച്ചെങ്കിലും ബാങ്കിൽ ക്രെഡിറ്റായില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-7 |
| 13 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക ക്രമീകരിച്ചിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-8 |
| 14 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-9 |
| 15 | ബാങ്ക് ഓഫ് ബറോഡ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-04-2022) | 1-2-10 |
| 16 | ഡോപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂറായി നൽകിയ തുക RP-41, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 1-2-11 |
| 17 | ആസ്തിയുടെ മൂല്യം കൃത്യമായി കണക്കാക്കുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022) | 1-2-12 |

| | | |
|---|---|---|
| | Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | |
| 18 | HUDCO വായ്പ /വായ്പാ തിരിച്ചടവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-13 |
| 19 | 2018-19-ൽ Loan From Other Bank ഇനത്തിൽ നീക്കിയിരിപ്പായ തുക തിരിച്ചടച്ചിന്റെ രേഖ ഇല്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-2-14 |
| 20 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധയിയുമായി ബന്ധപ്പെട്ട വരവ് ചെലവുകളിൽ വ്യക്തതയില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-03-2022) | 1-2-15 |
| 21 | വരവുകൾ എ.എഫ്.എസ്-ൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-03-2022) | 1-2-16 |
| 22 | പ്രൊവിഷൻ രേഖപ്പെടുത്താതെ ചെലവ് ചെയ്തു.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 1-2-17 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-18 |
| 24 | ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 1-2-19 |
| 25 | വർഷങ്ങളായി കുടിശ്ശികയായ വരവുകൾ ഈടാക്കിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-2-20 |
| 26 | നിഷ്ക്രീയമായി കിടക്കുന്ന അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-2-21 |
| 27 | വർഷങ്ങളായി വിവിധ അക്കൗണ്ടുകളിൽ തുകകൾ ചെലവഴിക്കാതെ കിടക്കുന്നു.<br>Written By: Rekha C S (Senior Grade Auditor, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-04-2022) | 1-2-22 |
| 28 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Rekha C S (Senior Grade Auditor, On 01-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-3 |
| 29 | വിവിധ ഫണ്ടുകളുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവ എ.സി.ആറും ഗ്രാന്റ് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Rekha C S (Senior Grade Auditor, On 01-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-04-2022) | 1-3-1 |
| 30 | ഫണ്ട് വകയിരുത്തുന്നതിലും ചെലവഴിക്കുന്നതിലുമുള്ള അപാകതകൾ.<br>Written By: Rekha C S (Senior Grade Auditor, On 01-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-03-2022) | 1-3-2 |
| 31 | ചെലവഴിക്കാത്ത വിവിധോദ്ദേശ ഗ്രാന്റുകൾ അതാത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 01-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-3-3 |
| 32 | പദ്ധതി അവലോകനം<br>Written By: Rekha C S (Senior Grade Auditor, On 01-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-4 |
| 33 | പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.<br>Written By: Rekha C S (Senior Grade Auditor, On 01-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-4-1 |

| | | |
|---|---|---|
| 34 | ക്ഷേമപദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 07-03-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 1-5 |
| 35 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 165300/-രൂപ.<br>Written By: THANUJA M.N. (Senior Grade Auditor, On 31-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-5-1 |
| 36 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം.<br>Written By: THANUJA M.N. (Senior Grade Auditor, On 31-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-5-2 |
| 37 | ക്യാഷ് പരിശോധന<br>Written By: Renjith C (Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-6 |
| 38 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-7 |
| 39 | ആഭ്യന്തര നിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 05-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-03-2022) | 1-8 |
| 40 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhu P.S (Audit Officer, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 1-9 |
| 41 | കടമുറി/ ബങ്കുകളിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-03-2022) | 1-10 |
| 42 | രസീത് പരിശോധന അപാകതകൾ.<br>Written By: Sindhulabeevi.M (Audit Officer (HG), On 05-04-2022)<br>Last Updated By: Sindhulabeevi.M (Audit Officer (HG), On 05-04-2022) | 1-11 |
| 43 | രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Renjith C (Auditor, On 31-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-11-1 |
| 44 | ശാന്തിതീരം ശ്മശാനത്തിന്റെ വരവ് സംബന്ധിച്ചുള്ള രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: Renjith C (Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-11-2 |
| 45 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sindhulabeevi.M (Audit Officer (HG), On 05-04-2022)<br>Last Updated By: Sindhulabeevi.M (Audit Officer (HG), On 05-04-2022) | 1-12 |
| 46 | തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.<br>Written By: Renjith C (Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-04-2022) | 1-12-1 |
| 47 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പൂർണമായി ഈടാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-12-2 |
| 48 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 05-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-12-3 |
| 49 | സ്വകാര്യ ആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പാലിക്കുന്നില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 1-13 |
| 50 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -ചട്ടങ്ങൾ പാലിച്ചിട്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-14 |
| 51 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല; 501250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |

| | | |
|---|---|---|
| | Written By: Justin Raj T.S (Senior Grade Auditor, On 31-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | |
| 52 | പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി; മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-04-2022) | 1-16 |
| 53 | കരാറിന് വിരുദ്ധമായി ടിപ്പറിന് നൽകിയ അധിക വാടക, വ്യാജ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ ജെ.സി.ബി-ക്ക് നൽകിയ വാടക (139136/- രൂപ) എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-04-2022) | 1-17 |
| 54 | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.<br>Written By: Justin Raj T.S (Senior Grade Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-18 |
| 55 | വാഹന പരിപാലനത്തിലെ അപാകതകൾ.<br>Written By: Justin Raj T.S (Senior Grade Auditor, On 31-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-05-2022) | 1-19 |
| 56 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-20 |
| 57 | ലോഗ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 31-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 1-21 |
| 58 | പി.എം.എ.വൈ - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക 12620000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sindhulabeevi.M (Audit Officer (HG), On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-22 |
| 59 | SC കോളനികളിലെ കുടിവെള്ള പദ്ധതികൾക്കുള്ള കറണ്ട് ചാർജ്ജ്.<br>Written By: Sindhulabeevi.M (Audit Officer (HG), On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-05-2022) | 1-23 |
| 60 | രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം-തൃപ്തികരമല്ല.<br>Written By: Sindhulabeevi.M (Audit Officer (HG), On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-05-2022) | 1-24 |
| 61 | നഗരസഭാ അധീനതയിലുള്ള വിവിധ സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Kosalaramadas.K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-05-2022) | 1-25 |
| 62 | കൊതുക് നിവാരണത്തിനായുള്ള മരുന്നും പമ്പും വാങ്ങി, വേതനം നൽകൽ-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - 2,19,740/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-26 |
| 63 | തുമ്പൂർമൂഴി പരിപാലനം-ശരിയായ ദീർഘവീക്ഷണമില്ലാതെ ഭീമമായ തുക അടങ്കൽ വകയിരുത്തി.<br>Written By: Kosalaramadas.K (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-27 |
| 64 | നഗരസഭ മാലിന്യ പരിപാലന സഹായി ഗ്രൂപ്പുകൾക്ക് 6 മാസക്കാലത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-86,372/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Kosalaramadas.K (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-04-2022) | 1-28 |
| 65 | പ്രിൻസിപ്പാൾ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - പൊതു അപാകതകൾ.<br>Written By: Sindhu P.S (Audit Officer, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-29 |
| 66 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 5,53,443/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 01-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-30 |

| | | |
|---|---|---|
| 67 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള കരാർ നിയമനങ്ങൾ റദ്ദാക്കേണ്ടതാണ്.<br>Written By: Sindhu P.S (Audit Officer, On 26-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 05-04-2022) | 1-31 |
| 68 | വനിതകൾക്ക് സ്വയം പ്രതിരോധത്തിനായി കരാട്ടേ പരിശീലനം-പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.<br>Written By: Sindhu P.S (Audit Officer, On 27-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-32 |
| 69 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - 13,630/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 27-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-04-2022) | 1-33 |
| 70 | ലൈബ്രറി - അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.<br>Written By: Sindhu P.S (Audit Officer, On 27-01-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-04-2022) | 1-34 |
| 71 | ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - രേഖകൾ ഹാജരാക്കാത്തതിനാൽ 1315124/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 28-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-35 |
| 72 | ലൈബ്രറി റൂം സജ്ജമാക്കൽ - മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് - 114016/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sindhu P.S (Audit Officer, On 30-01-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-36 |
| 73 | ബേം കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോംവർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-4,748/-രൂപ തടസപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-04-2022) | 1-37 |
| 74 | ചിറ നവീകരണ പ്രവൃത്തികൾ -കുഴിച്ചെടുത്ത മണ്ണിന്റെ Disposal സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-38 |
| 75 | തെരുവു വിളക്ക് പരിപാലന പദ്ധതിയിലെ അപാകതകൾ-979392/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-39 |
| 76 | ഓട നിർമ്മാണത്തിൽ റോഡിനാവശ്യമായ കനത്തിൽ നിർമ്മാണം നടത്തിയതു വഴി അധിക ചെലവുണ്ടായി.<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 05-05-2022) | 1-40 |
| 77 | കരാറുകാരുടെ ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-41 |
| 78 | വാർഡ് സഭകൾ ചുമതലകൾ നിർവ്വഹിക്കുന്നില്ല.<br>Written By: Sindhu P.S (Audit Officer, On 03-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 04-04-2022) | 1-42 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rekha C S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| | Written By: Sindhu P.S (Audit Officer, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | |
| 3 | മൊബലൈസേഷൻ അഡ്വാൻസ്<br>Written By: Rekha C S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Rekha C S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha C S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 4-6 |
| 7 | സമാഹൃത ഒഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Rekha C S (Senior Grade Auditor, On 02-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 11-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ്നടപടികളുടെ വിവരം<br>Written By: Sindhu P.S (Audit Officer, On 18-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 09-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rekha C S (Senior Grade Auditor, On 19-02-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 06-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rekha C S (Senior Grade Auditor, On 19-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 14-03-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 ബജറ്റ്

നഗരസഭയുടെ 2019-20 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 26.02.2019-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 26455635/-രൂപയും, പ്രതീക്ഷിത വരുമാനം 1234081850/-രൂപയും ചേർത്ത് ആകെ വരവ് 1260537485/-രൂപയും ആകെ ചെലവ് 1216330000/-രൂപയും നീക്കി ബാക്കി 44207485/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

## 1-1-2 ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് കേരള മുൻസിപ്പാലിറ്റി നിയമം സെക്ഷൻ 285 പ്രകാരം സെക്രട്ടറി വരവ് - ചെലവുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് ജനവരി 15-ന് മുൻപായി തയ്യാറാക്കി സ്റ്റാൻഡിംഗ് കമ്മറ്റിയ്ക്ക് സമർപ്പിക്കേണ്ടതും സെക്ഷൻ 286 പ്രകാരം സ്റ്റാൻഡിംഗ് കമ്മറ്റികൾ പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ബജറ്റ് പ്രപ്പോസൽ തയ്യാറാക്കി ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മറ്റിയ്ക്ക് നൽകേണ്ടതുമാണ്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെട്ടത്, നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ക്ഷേമകാര്യം, ആരോഗ്യം വിദ്യാഭ്യാസം, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ ബജറ്റ് തയ്യാറാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മറ്റികൾ പ്രപ്പോസൽ തയ്യാറാക്കി ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മറ്റിയ്ക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. സെക്ഷൻ 287 പ്രകാരം ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മറ്റി മാർച്ച് ആദ്യവാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ആംഗീകരിച്ച് കൗൺസിൽ മുൻപാകെ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. (മിനിട്ട്സിൽ പ്രസ്തുത വിഷയം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല). പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16 ന് മറുപടി ലഭിച്ചില്ല.

## 1-1-3 പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം.

വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവും വാസ്തവത്തിലുള്ള വരവും തമ്മിൽ വലിയ അന്തരമുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇൻകം &എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1301002 Rent From Town Hall | 288500 | 1200000 |
| 1301003 Rent From Stadium | 26750 | 200000 |
| 1101601 Entertainment Tax | 368469 | 1500000 |
| 1404002 Notice Fee | 27150 | 1500 |
| 1401002 Tutorial Registration Fee | 1400 | 10000 |
| 1401001 Private Hospitals And Paramedical Registration Fee | 6800 | 25000 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതും ബജറ്റിൽ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 1-1-4 RP 47 ഷെഡ്യൂൾ പ്രകാരമുള്ള ചെലവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

RP 47 ഷെഡ്യൂൾ പ്രകാരം 2165490/-രൂപ വിവിധ ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരമുള്ള ചെലവുകൾക്ക് 2019-20-ലെ ബഡ്ജറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. 2020-21-ലെ ബഡ്ജറ്റിനൊപ്പം പാസ്സാക്കിയ റിവൈസ്ഡ് ബഡ്ജറ്റിലും പ്രസ്തുത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല.

വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവു-ചെലവുകൾ കണക്കിലെടുത്തു ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകാതിരിക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 17.07.2020 | -- | -- |

## 1-2-1 അക്കൗണ്ട്സ് പരിശോധന - അപാകതകൾ

**1.** ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. (വരവ് 290608698 , ചെലവ് 479571716)

**2.** ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല.

**3.** മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വാർഷിക കണക്കുകളിൽ രണ്ടു വർഷത്തെ തുകകൾ ലഭ്യമാക്കി, താരതമ്യപഠനം സാധ്യമാക്കിയിട്ടില്ല.

**4.** ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ I17-A ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

**5.** B-14 - Stock In Hand ഷെഡ്യൂൾ പ്രകാരം Purchase Of Material – Stores ഇനത്തിൽ 795138/-രൂപയും Purchase Of Material – Others 2054381/-രൂപയും നീക്കിയിരിപ്പുണ്ട്. ആയത് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ (സ്റ്റോക്ക് രജിസ്റ്റർ) പരിശോധനയ്ക്ക് ലഭ്യമായില്ല.

**6.** B-13 ഷെഡ്യൂൾ പ്രകാരം Central Government Securities – Special Funds ഇനത്തിൽ 3512230/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

**7.** തൊഴിൽ നികുതി രജിസ്റ്റർ, ലേലം, ഡി&ഒ, വാടക തുടങ്ങിയ വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത വരവുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

**8.** വിവിധ ഡെപ്പോസിറ്റുകളുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**9.** I 18 Prior Period Items ഷെഡ്യൂൾ പ്രകാരം Prior Period Income – Rent From Building ഇനത്തിൽ 125814/-രൂപയും, Prior Period Income - Other Income ഇനത്തിൽ 33188958/-രൂപയും ഡിമാന്റിൽ നിന്ന് ഒഴവാക്കിയിട്ടുണ്ട്. ആയത് പോസിറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

**10.** State Government Cesses/Levies In Property Tax ഇനത്തിൽ നീക്കിയിരിപ്പായ തുക 202999.30/-രൂപയാണ്. എന്നാൽ 636468/-രൂപയോ അതിനടുത്ത തുകയോ ആണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. (6237232 (Receivables In Propertytax (Current)) + 7128598 (Receivables In Property Tax (Arrear))/105 X 5).

**11.** RP -29 ഷെഡ്യൂൾ പ്രകാരം Liability In Respect Of Stale Cheque ഇനത്തിൽ 54650/-രൂപ ബാധ്യതയായിട്ടുണ്ട്. ആയത് വരുമാന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

**12.** 2018-19, 2019-20-ലെ ബി-9 ഷെഡ്യൂളിലെ Recoveries Payable – Audit Recovery (350200125) ഇനത്തിൽ (81590/-) രൂപ നീക്കിയിരിപ്പുണ്ട്. ആയത് നെഗറ്റീവ് ബാലൻസ് ആണ്.

**13.** PMAY പദ്ധതിയുമായി ബന്ധപ്പെട്ട ക്യാഷ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ വരവു ചെലവുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

**14.** AFS പ്രകാരം D&O Licence (Current) ഇനത്തിൽ Demand, Collection, Balance തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Demand | Collection | Balance |
|---|---|---|
| 1699700 | 1290326 (2018-19- B-9)<br>+<br>583605 (RP-37) | 14968 (2019-20 - B-15) |
| | 1873931 | |

പരിശോധനയ്ക്ക് ആവശ്യമായ രേഖകളും അപാകങ്ങൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16, 20, 32, 48 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ല.

## 1-2-2 മുൻകൂറുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചിട്ടില്ല.

2019-20-ലെ AFS-ലെ ബി-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഫോർ പ്രോജക്ട് ഇനത്തിൽ 1000000/-രൂപയും Election Deposit ഇനത്തിൽ 67045/-രൂപയും നീക്കിയിരിപ്പുണ്ട്. 2018-19-ലും അതേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്. പ്രസ്തുത അഡ്വാൻസ് ഏത് ഇനത്തിലാണ് നൽകിയിട്ടുള്ളതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20-ന് മറുപടി ലഭിച്ചില്ല. പ്രസ്തുത തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-3 Benificiary Contribution ഇനത്തിൽ വർഷങ്ങളായി വലിയ തുക നീക്കിയിരിപ്പുണ്ട്.

2017-18 മുതൽ 2019-20 വരെ Benificiary Contribution (32080100)-നമായി ബന്ധപ്പെട്ട് ലഡ്ജർ പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയരിപ്പിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2017-18 | 1886010 | 477774 | 0 | 2363784 |
| 2018-19 | 2363784 | 433957 | 227000 | 2570741 |
| 2019-20 | 2570741 | 181965 | 97474 | 2655232 |

നീക്കിയിരിപ്പായ തുക ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും അത്രയും വലിയ തുക നീക്കിയിരിപ്പായതിനും ആയത് നാളിതുവരെ ചെലവഴിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20-ന് മറുപടി ലഭിച്ചില്ല. Beneficiary Contribution ഇനത്തിൽ നീക്കിയിരിപ്പായ തുക സ്പിൽഓവർ പദ്ധതികളായി നടപ്പിലാക്കി ചെലവഴിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-2-4 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

2019-20 അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

| വൌച്ചർ നം. | തീയതി | ഉദ്ദേശം | തുക സ്വീകരിച്ച ആളുടെ പേര് | തുക |
|---|---|---|---|---|
| 438/19 | 2.08.19 | For Demand | Akhila P.Soman | 17500 |
| 479/19 | 13.08.19 | For Imprest Money | Wilfred | 5000 |
| 714/19 | 1.09.19 | For PMAY | Shaji.M.I, UDC | 10000 |
| 735/19 | 9.10.19 | For Electric Connection | Y. Pathrose, PWD II | 7500 |
| 783/19 | 20.10.19 | For Cutting Of Trees | Rahul , JHI | 8000 |
| 806/19 | 2.11.19 | For Septic Tank Cleaning | Biju Soman, JHI | 4165 |
| 828/19 | 6.11.19 | For Septic Tank Cleaning | Biju Soman, JHI | 14595 |
| 868/19 | 15.11.19 | For Septic Tank Cleaning | Biju Soman, JHI | 30905 |
| 873/19 | 18.11.19 | For Electric Connection | Y. Pathrose, PWD II | 9300 |
| 1002/20 | 3.01.20 | For Purchase Of Calander 2020 | Shanallal,LDC | 2250 |
| 1006/20 | 6.01.20 | - | Biju Soman, JHI | 20000 |
| 1042/20 | 21.01.20 | For Election Deposit | RajanMichel | 50000 |
| 1062/20 | 21.01.20 | For Election Deposit | RajanMichel | 50000 |
| 1083/20 | 3.02.20 | For Cutting Of Trees | Biju Soman, JHI | 2500 |
| 1143/20 | 15.02.20 | For Election Deposit | RajanMichel | 50000 |
| 1194/20 | 3.03.20 | For Housing Construction PMAY | Shaji.M.I, UDC | 120000 |
| 1204/20 | 5.03.20 | For Installation Of Water Meter | Y. Pathrose, PWD II | 3500 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20-ന് മറുപടി ലഭിച്ചില്ല. ജി.ഒ.(എം.എസ്.) 419/2011 ധനം, 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണ്. പ്രസ്തുത തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-5 അടങ്കൽ തുകയെക്കാൾ അധികം ചെലവ് ചെയ്തിരിക്കുന്നു.

Expenditure Statement പ്രകാരം അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ നിർവ്വഹണം നടത്തിയ 243/20 – ജലശ്രീ കിണർ റീചാർജ്ജിംഗ് (എസ്.സി) പദ്ധതി പ്രകാരം 64000/-രൂപ (SCP) അടങ്കൽ തുകയും 80000/-(SCP) ചെലവുമാണ്. അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസറുടെ ബിൽ ബുക്ക് പ്രകാരവും RP-47 ഷെഡ്യൂളിലെ Soil Conservation (SCP) (253200102) എന്ന ഇനത്തിലും 80000/-രൂപയാണ് ചെലവ് വന്നിട്ടുള്ളത്. അടങ്കൽ തുകയെക്കാൾ അധികമായി ചെലവ് ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20-ന് മറുപടി ലഭിച്ചില്ല.

## 1-2-6 കാലാവധി കഴിഞ്ഞ ചെക്കുകൾ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിച്ച ചെക്ക് പണമാക്കാതെ കിടക്കുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. ചെക്ക് ബാങ്കിൽ സമർപ്പിച്ച് മുനിസിപ്പൽ ഫണ്ടിലേക്ക് വരവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കോണ്ടതാണ്.

ബാങ്ക് ഓഫ് ബറോഡ (അക്കൗണ്ട് നം.44980200000014)

| വൗച്ചർനമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം. | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 21801248 | 06.02.2019 | 3361 | 5.02.19 | 1200/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. ചെക്കുകൾ മുനിസിപ്പൽ ഫണ്ടിലേക്ക് വരവായി ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-2-7 ചെക്കുകൾ നിക്ഷേപിച്ചെങ്കിലും ബാങ്കിൽ ക്രെഡിറ്റായില്ല.

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്കുകൾ നിക്ഷേപിച്ചെങ്കിലും ബാങ്കിൽ ക്രെഡിറ്റായില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ബാങ്ക് ഓഫ് ബറോഡ(അക്കൗണ്ട് നം.44980200000014)

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം. | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 11401400078 | 5.02.15 | 399761 | 3.11.14 | 2000 |
| 11401400080 | 5.02.15 | 399762 | 3.11.14 | 2000 |
| 11401500107 | 12.02.15 | 945668 | 5.032.15 | 17500 |
| 11501400002 | 25.04.15 | 34724 | 25.04.15 | 1350 |
| 11501500123 | 19.02.16 | 737305 | 15.02.16 | 1250 |
| 11605090001 | 3.03.17 | 1 | 3.03.17 | 1100 |
| 117190900010 | 6.05.17 | 1 | 6.05.17 | 6854 |
| 117190900020 | 31.03.18 | 2 | 31.03.18 | 5026 |
| 118010400063 | 28.02.19 | 833383 | 7.11.19 | 1042 |
| 119260900011 | 18.11.19 | - | | 67069 |
| 119270900134 | 31.10.19 | 1 | 31.10.19 | 41199 |
| 119270900128 | 7.01.20 | 1 | 7.01.20 | 2000 |
| **ആകെ** | | | | **148390/-** |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. നഗരസഭയുടെ തനത് ഫണ്ടിനുണ്ടായ നഷ്ടം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-2-8 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക ക്രമീകരിച്ചിട്ടില്ല.

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ (ബാങ്ക് ഓഫ് ബറോഡ (അക്കൗണ്ട് നം.44980200000014)) നേരിട്ട് ക്രെഡിറ്റ് വന്ന തുക ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് എൻട്രി തീയതി | തുക |
|---|---|---|
| 1 | 8.11.16 | 69453 |
| 2 | 9.12.16 | 95767 |
| 3 | 30.12.16 | 6487 |
| 4 | 23.01.17 | 1250 |
| 5 | 30.04.17 | 30640 |
| 6 | 31.05.17 | 6854 |
| 7 | 30.06.17 | 391 |

| | | |
|---|---|---|
| 8 | 31.08.17 | 3363 |
| 9 | 30.09.17 | 2250 |
| 10 | 31.10.17 | 218 |
| 11 | 28.11.17 | 17627 |
| 12 | 30.12.17 | 115 |
| 13 | 5.02.18 | 152009 |
| 14 | 5.02.18 | 15665 |
| 15 | 30.04.18 | 7154 |
| 16 | 30.05.18 | 19639 |
| 17 | 30.06.18 | 211 |
| 18 | 29.09.18 | 2283 |
| 19 | 30.11.18 | 3296 |
| 20 | 31.12.18 | 4544 |
| **ആകെ** | | **439216** |

മേൽ തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. തുകകൾ ബാങ്ക് ബുക്കിൽ വരവ് വച്ച് ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-9 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചിട്ടില്ല.

ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ (ബാങ്ക് ഓഫ് ബറോഡ (അക്കൗണ്ട് നം.44980200000014)) നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് എൻട്രി തീയതി | തുക |
|---|---|---|
| 1 | 1.10.16 | 574 |
| 2 | 25.10.16 | 8948 |
| 3 | 29.11.16 | 968 |
| 4 | 17.01.17 | 61867 |
| 5 | 2.02.17 | 1988194 |
| 6 | 4.01.17 | 124 |
| 7 | 18.01.17 | 75000 |
| 8 | 30.05.17 | 185 |
| 9 | 30.09.17 | 135 |
| 10 | 31.10.17 | 135 |
| 11 | 27.11.17 | 537 |
| 12 | 30.12.17 | 82 |
| 13 | 28.02.18 | 53 |
| 14 | 18.03.18 | 120 |
| 15 | 10.05.18 | 24008 |
| 16 | 27.07.18 | 500 |
| 17 | 30.11.18 | 36 |
| 18 | 29.03.19 | 32 |
| 19 | 29.04.19 | 65 |
| **ആകെ** | | **2161563/-** |

മേൽ തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. തുകകൾ ക്രമീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-10 ബാങ്ക് ഓഫ് ബറോഡ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് , ബാങ്ക് സ്റ്റേറ്റ്മെന്റ്, റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

ബാങ്ക് ഓഫ് ബറോഡ (അക്കൗണ്ട് നം.44980200000014) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**Reconciliation Statement പ്രകാരം**

Closing Balance As Per Bank Book – 19744479/-

Cheque Issued But Not Presented To Bank - 1448531/-

Directly Credited By Bank – 439216/-

Total – 21632226/-

Cheque Deposited But Not Collected – 437053/-

Directly Debited By Bank- 2161563/-

Closing Balance As Per Bank Statement – 17754326/-

Reconciliation Statement-ൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾ പൊരുത്തപ്പെടുന്നില്ല. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയത് പ്രകാരം 254326/-രൂപയാണ് നീക്കിയിരിപ്പായിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല.

## 1-2-11 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂറായി നൽകിയ തുക RP-41, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

Expenditure Statement പ്രകാരം താഴെപ്പറയുന്ന പദ്ധതികൾക്കായി ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 276/20 | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 109982 |
| 394/20 | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 443461 |
| 250/20 | നഗരസഭയിൽ Street Light മെയിൻ സ്ഥാപിക്കുന്നത് | 2227798 |

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിവരം RP-41 ലും തുക ക്രമീകരിക്കാത്തതിന്റെ വിവരം B-18-ലും ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16 -ന് മറുപടി ലഭിച്ചില്ല. 2019-20 സാമ്പത്തിക വർഷത്തെ AFS-ലെ RP-41, B-18 എന്നിവയിൽ മുൻകൂറായി നൽകിയ തുകകൾ ഉൾപ്പെടുത്താത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി, പൂർത്തീകരണം എന്നിവ വിലയിരുത്താൻ സാധിക്കാതെ വരുന്നു. KSEB-യ്ക്ക് മുൻകൂറായി നൽകിയ തുകകൾ RP-41, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തേണ്ടതും പണി പൂർത്തീകരിച്ചെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2-12 ആസ്തിയുടെ മൂല്യം കൃത്യമായി കണക്കാക്കുന്നില്ല.

Land-Municipality എന്ന ആസ്തിയുടെ എ.എഫ്.എസ് പ്രകാരമുള്ള മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2018-19 ബി-11 പ്രകാരമുള്ള നീക്കിയിരിപ്പ് | 2019-20 RP-31 പ്രകാരം ചെലവഴിച്ച തുക | 2019-20 ബി-11 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|
| Land-Municipality | 20777637 | 1658690 | 45447888 |

എന്നാൽ 2019-20-ലെ Expenditure Statement പ്രകാരം താഴെ പറയുന്ന പദ്ധതികൾ മുഖേന മുനിസിപ്പാലിറ്റിയ്ക്ക് സ്ഥലം വാങ്ങുന്നതിനായി 21016650/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 270/20 | പറണ്ടോട് കമ്മ്യൂണിറ്റി ഹാളിന് സ്ഥലം വാങ്ങൽ | 2337670 |
| 257/20 | പാളയത്തിൻമുകൾ കുടിവെള്ള പദ്ധതിയ്ക്ക് സ്ഥലം വാങ്ങൽ | 299000 |

| | | |
|---|---|---|
| 289/20 | നഗരസഭ കൺവൻഷൻ സെന്ററിന് സ്ഥലം വാങ്ങൽ | 10380380 |
| 299/20 | വർക്കിംഗ് വിമൺസ് ഹോസ്റ്റലിന് സ്ഥലം വാങ്ങൽ | 7999600 |
| **ആകെ** | | **21016650/-** |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. ആർജിച്ച എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-13 HUDCO വായ്പ /വായ്പാ തിരിച്ചടവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

2019-20 AFS പ്രകാരം **HUDCO** വായ്പ ലഭിച്ചതിന്റെയും വായ്പാ തിരിച്ചടവിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| **ഇനം** | **മുന്നിരിപ്പ് (2018-19 AFS)** | **വരവ്** | **ആകെ** | **തിരിച്ചടവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| HUDCO | - | 205632000 | 205632000 | 3770000 | 196752000 |

പ്രസ്തുത വായ്പ ഇനത്തിൽ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് തമ്മിൽ പൊരുത്തപ്പെടുന്നില്ല.

എന്നാൽ പ്രസ്തുത വായ്പയുമായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ പ്രകാരം ആകെ 285112000/-രൂപയാണ് HUDCO വായ്പ ഇനത്തിൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചിട്ടുള്ളത്. ആയതിൽ 77800000/-രൂപ 2018-19-ൽ ലഭിച്ച തുകയാണ്. ആയത് 2018-19-ലെ AFS-ൽ ഉൾപ്പെട്ടിട്ടില്ല.

ലോൺ രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 207312000/-രൂപയാണ് HUDCO വായ്പ ഇനത്തിൽ ലഭിച്ചിട്ടുള്ളത്. എന്നാൽ 2019-20-ലെ AFS പ്രകാരം 205632000/-രൂപ ലഭിച്ചതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2019-20-ലെ Expenditure Statement പ്രകാരം 18880000/- HUDCO വായ്പ ഇനത്തിൽ തിരിച്ചടച്ചിട്ടുണ്ട് (1386666(462/20)+13334(463/20)+17480000(473/20)). എന്നാൽ 2019-20-ലെ AFS പ്രകാരം 3770000/- രൂപയാണ് തിരിച്ചടച്ചിട്ടുള്ളത്.

വായ്പ /വായ്പാതിരിച്ചടവുമായി ബന്ധപ്പെട്ട് ലോൺ രജിസ്റ്റർ, AFS, Expenditure Statement എന്നിവ തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. പ്രസ്തുത വായ്പ /വായ്പാ തിരിച്ചടവിന്റെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-14 2018-19-ൽ Loan From Other Bank ഇനത്തിൽ നീക്കിയിരിപ്പായ തുക തിരിച്ചടച്ചിന്റെ രേഖ ഇല്ല.

2018-19-ലെ എ.എഫ്.എസ് പ്രകാരം Loan From Other Bank ഇനത്തിൽ 9416715/-രൂപ നീക്കിയിരിപ്പുണ്ട്.

| **ഇനം** | **മുന്നിരിപ്പ് (2018-19 AFS)** | **വരവ്** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ് (2019-20 AFS)** |
|---|---|---|---|---|---|
| Loan From Other Bank | 9416715 | - | - | - | 0 |

Loan From Other Bank ഇനത്തിൽ 2018-19-ൽ നീക്കിയിരിപ്പ് ഉണ്ടെങ്കിലും 2019-20-ലെ AFS പ്രകാരം തുക തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമായില്ല. എന്നാൽ 2019-20-ലെ AFS-ൽ നീക്കിയിരിപ്പുമില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16-ന് മറുപടി ലഭിച്ചില്ല. പ്രസ്തുത വായ്പയുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-2-15 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകളിൽ വ്യക്തതയില്ല.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ എ.എഫ്.എസ്, ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെട്ടിട്ടില്ല.

| | **മുന്നിരിപ്പ്** | **വരവ്** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|
| എ.എഫ്.എസ് | 6021399 | ലഭ്യമല്ല | ലഭ്യമല്ല | 695 |
| ക്യാഷ് ബുക്ക് | 5265247 | രേഖപ്പെടുത്തിയിട്ടില്ല | 5486380 | 695 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് | 5530688 | 67637 (Interest)<br>+<br>108964 (Uncashed Cheque) | 5706594 | 695 |

ക്യാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വരവ്, ചെലവ് എ.എഫ്.എസിൽ ഏത് ഹെഡിലാണ് ഉൾപ്പെടുത്തിയതെന്നും വ്യക്തമല്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 39-ന് മറുപടി ലഭിച്ചില്ല. ക്യാഷ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-2-16 വരവുകൾ എ.എഫ്.എസ്-ൽ ഉൾപ്പെട്ടിട്ടില്ല.**

എ.എഫ്.എസ് പ്രകാരം Tutorial College Registration ഇനത്തിൽ 1400/-രൂപയാണ് വരവായിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം 1800/-രൂപയാണ് വരവായിട്ടുള്ളത്. രസീത് നം.9972 തീ.05.12.19 പ്രകാരം ലഭിച്ച 300/-രൂപയും രസീത് നം.2799 തീ.28.02.19 പ്രകാരം ലഭിച്ച 100/-രൂപയും എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 48-ന് മറുപടി ലഭിച്ചില്ല.

**1-2-17 പ്രൊവിഷൻ രേഖപ്പെടുത്താതെ ചെലവ് ചെയ്തു.**

മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 53 പ്രകാരം സാമ്പത്തിക വർഷത്തെ ചെലവുകൾക്ക് തുക അനുവദിക്കുവാൻ സാധിക്കാത്തപക്ഷം വാർഷിക കണക്കിൽ പ്രസ്തുത ചെലവുകൾക്കായി പ്രൊവിഷൻ രേഖപ്പെടുത്തേണ്ടതുണ്ട്. 2019-20-ലെ ചുവടെ ചേർക്കുന്ന ചെലവുകൾക്ക് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്താതെ തന്നെ ഏപ്രിൽ 2020 ൽ ചെലവ് നടത്തിയിരിക്കുന്നു.

| ചെലവിനം | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി | തുക |
|---|---|---|---|
| കൗൺസിൽ അംഗങ്ങളുടെ മാർച്ച് മാസത്തെ ഓണറേറിയം, സിറ്റിംഗ് ഫീസ് | 14/19 തീ. 01.04.19 | 2559 തീ.01.04.19 | 344800/- |
| ഗ്രാമലക്ഷ്മി മുദ്രാലയം പ്രിന്റിംഗ് ചാർജ്ജ്(ബിൽ നം.TVM/107/18-19 Dt.11.05.18 Rs. 58612/- & TVM/865/18-19 Dt.7.01.19 Rs.88450/- ) | 66/19 തീ. 11.04.19 | 1788612 തീ.11.04.19 | 147062/- |
| 28.02.19 മുതൽ 23.03.19 വരെയുള്ള ദിവസങ്ങളിൽ എസ്.ഇ.ഡി ലൈറ്റുകൾ നന്നാക്കിയ വകയിൽ ശ്രീ.പ്രദീപ് കുമാറിന് നൽകിയ തുക (23.03.19-ലെ അപേക്ഷ). | 49/19 തീ.08.04.19 | 3453 തീ.08.04.19 | 10100/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 32 -ന് മറുപടി ലഭിച്ചില്ല.

**1-2-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.**

B-7 Schedule പ്രകാരം താഴെ പറയുന്ന ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് 2018-19 ലും, 2019-20 ലും ഒരേ തുകയാണ്.

Suppliers Security Deposit - 8000/-

Water Deposit - 1280/-

Other Deposit Received - 6000/-

മൂന്ന് വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 32 -ന് മറുപടി ലഭിച്ചില്ല. KFC Article 282 പ്രകാരം നിക്ഷേപിച്ച തുകകൾ തിരികെ ലഭിക്കുന്നതിനായി മൂന്ന് വർഷത്തിനുള്ളിൽ അവകാശം ഉന്നയിച്ചില്ലെങ്കിൽ ആയത് കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്. നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം തയ്യാറാക്കി കാലഹരണപ്പെട്ട തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

**1-2-19 ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.**

2018-19, 2019-20-ലെ എ.എഫ്.എസ് പ്രകാരം താഴെപ്പറയുന്ന ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാകാത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാനും കഴിഞ്ഞില്ല.

| ഡെപ്പോസിറ്റ് ഇനം | മുന്നിരിപ്പ് (B-7 18-19) | വരവ് | ചെലവ് | നീക്കിയിരിപ്പ് (B-7 18-19) |
|---|---|---|---|---|
| Contractors Retension Money (MF) | 6226525 | 870773 | 4486217 | 2667699 |
| Contractors Retension Money (Specific Grant) | 25248 | - | - | 224612 |
| Rent Deposit | 4267718 | 70228 | 1174528 | 4277946 |
| Auction Deposit | 778169 | 211500 | 136700 | 763469 |

| | | | | |
|---|---|---|---|---|
| Deposit Received From Others | 95632 | 198000 | 100457 | 200331 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 32 -ന് മറുപടി ലഭിച്ചില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-2-20 വർഷങ്ങളായി കുടിശ്ശികയായ വരവുകൾ ഈടാക്കിയിട്ടില്ല.**

B-15 Schedule പ്രകാരം താഴെപ്പറയുന്ന ഇനങ്ങളിൽ 2018-19 മുതൽ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.

| ഇനം | തുക |
|---|---|
| Advertisement Tax | 134232/- |
| Rent Receivable From Lease Of Land (Arrear) | 7926/- |
| Other Rent Receivable (Arrear) | 8000/- |

വർഷങ്ങളായി കുടിശ്ശികയായ പ്രസ്തുത വരവുകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 32 -ന് മറുപടി ലഭിച്ചില്ല. പ്രസ്തുത കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-2-21 നിഷ്ക്രീയമായി കിടക്കുന്ന അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.**

2018-19, 2019-20-ലെ അക്കൗണ്ടസ് പ്രകാരം താഴെപ്പറയുന്ന അക്കൗണ്ടുകൾ നിഷ്ക്രിയമായി കിടക്കുന്നു.

| അക്കൌണ്ട് | തുക |
|---|---|
| State Bank Of Travancore-57024200568 | 0.55 |
| Thiruvananthapuram DCB 173 -020031201200008 | 0.99 |
| Thiruvananthapuram DCB -020031201200009 | 0.05 |
| Nedumangadu Co-Operative Bank 3969 | 0.62 |
| Nedumangadu Co-Operative Bank 639 | 0.50 |

ആയത് ക്ലോസ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 32-ന് മറുപടി ലഭിച്ചില്ല. പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഔദ്യോഗിക വാഹനങ്ങൾക്ക് 01.04.2019 മുതൽ 31.03.2020 വരെയുള്ള കാലയളവിലേയ്ക്ക് ബാധകമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കാൻ 18.01.2022 തീയതിയിൽ 34 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഉപോദ്ബലകമായ രേഖകളോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഔദ്യോഗിക വാഹനങ്ങൾക്ക് (KL 01 CF 2845 വാഹനം ഒഴികെ) തൻവർഷം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07-ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും 2000-ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല.

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല.

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. യാത്രാവിവരം പൂർണ്ണമായും രേഖപ്പടുത്തിയിട്ടില്ല.

ലോഗ്ബുക്കിലെ 5-ാമത്തെ കോളം പൂർണ്ണമായും ശരിയായും പൂരിപ്പിക്കേണ്ടതാണ്. "Pupose Of Journey (If On Official Duty Full Details And Place Or Places To Which Proceeding)" എന്ന കോളത്തിൽ "വാർഡിൽ പോയിവന്നു, വിവിധ ഓഫീസുകൾ, സൈറ്റ് പരിശോധന, പരാതി അന്വേഷിക്കാൻ പോയി" എന്നിങ്ങനെയാണ് ഒട്ടുമിക്ക ഭാഗത്തും രേഖപ്പെടുത്തിയിട്ടുള്ളത്. യാത്രയുടെ ഉദ്ദേശ്യവും ലക്ഷ്യങ്ങളും പൂർണ്ണമായ വിവരം ഉൾക്കൊള്ളുന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്.

5. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

6. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

7. സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല.

മുൻബാക്കി, നിറച്ച ഇന്ധനം, ഉപയോഗിച്ച ഇന്ധനം, സഞ്ചരിച്ച ദൂരം, നീക്കിയിരിപ്പ് എന്നീ വിവരങ്ങളുടെ മാസാന്ത്യ സംക്ഷിപ്തം ഓരോ മാസത്തിന്റെ അവസാന ദിവസവും വർഷാന്ത്യ സംക്ഷിപ്തം സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തേണ്ടതും ആയത് കസ്റ്റോഡിയൻ-ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധരേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-21 ലോഗ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

KL 21 J 2000 എന്ന വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇക്കാരണത്താൽ ഈ വാഹനത്തിന്റെ പരിപാലനം സംബന്ധിച്ച് യാതൊരു വിവരവും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

പ്രസ്തുത രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 18.01.2022 തീയതിയിൽ 34 നമ്പരായി ഓഡിറ്റ് എൻക്വയറിയും അതേ തീയതിയിൽ തന്നെ 03 നമ്പരായി ഓഡിറ്റ് റിക്വിസിഷനും നൽകിയെങ്കിലും ഉപോദ്ബലകമായ രേഖകളോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നഗരസഭ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ഉണ്ടാകാത്തത് തികച്ചും നിരുത്തരവാദപരമായ നടപടിയാണ്. ആയതിനാൽ എത്രയും പെട്ടെന്ന് ലോഗ്ബുക്കുകളും അനുബന്ധരേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 പി.എം.എ.വൈ - രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക 12620000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ – 231/2020 (പട്ടികജാതി കുടുംബങ്ങൾക്ക് PMAY പ്രകാരം വീട് നൽകൽ)

അടങ്കൽ – 12645640/-

ചെലവ് – 12620000/-

കേരളത്തിലെ നഗരങ്ങളിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ലൈഫ് മിഷന്റെ ഭാഗമായിട്ടുള്ളതാണ് പി.എം.എ.വൈ (നഗരം)-ലൈഫ് എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പ്രോജക്ടാണ്. സ്വന്തമായി ഭൂമിയുള്ള ഭനവരഹിതർക്ക് വീട് നിർമ്മിക്കുവാൻ 4 ലക്ഷം രൂപ അനുവദിക്കുന്ന സ്കീമാണിത്.

PMAY വരവ് – ചെലവുകൾ സംബന്ധിച്ച ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനാൽ തൻവർഷം ചെലവഴിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ (No.1) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതിലേക്കായി ചെലവ് തുക 12620000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 SC കോളനികളിലെ കുടിവെള്ള പദ്ധതികൾക്കുള്ള കറണ്ട് ചാർജ്ജ്.

മുനിസിപ്പാലിറ്റിയിലെ SC കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനായി താഴെപറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം 94,793/രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധമായ കുടിവെള്ള പദ്ധതികളുടെ എണ്ണം, ഓരോ മാസത്തേയും അടവ് തുക, കൺവീനറുടെ പേര് എന്നിവ ഉൾപ്പെടുന്ന രജിസ്റ്റർ പരിപാലിച്ചിട്ടില്ല. വൈദ്യുതി ബിൽ അടച്ചതിന്റെ രസീത് കൊണ്ടുവരുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന രീതിയാണ് SCDO അവലംബിച്ചിട്ടുള്ളത്.

| പ്രോജക്ട് നം/പേര് | അടങ്കൽ | ചെലവ് തുക | ബിൽ നം/തീയതി |
|---|---|---|---|
| 18/19-20 New | 58600 | 4222 | 10/17.12.19, 155/3/6.2.20,2220/14/18.2.20, 22291/15/18.2.2016/19.3.20 2170/- 21386/- |
| 286/19-20 SO | 98605 | 90571 | 8/30.4.19 |
| | | **94793/-** | |

കുടിശ്ശിക തുക ഉൾപ്പെടെയുള്ള കറണ്ട് ചാർജ്ജ് അടവാക്കുന്നതിന് വ്യക്തമായ രേഖകൾ സൂക്ഷിക്കാത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥയാണ്. തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണ്.

## 1-24 രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം-തൃപ്തികരമല്ല.

1) നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ TR 7A മാതൃകയിലുള്ള ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. PMAY പോലെ വൻതോതിൽ വരവുചെലവുള്ള പദ്ധതികളിൽ ക്യാഷ് ബുക്ക് തന്നെ സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തെയും തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ആര്, ഓരോരുത്തർക്കും നൽകിയ തുക എത്ര എന്ന വിവരമൊന്നും അധികാരികൾക്കും വ്യക്തമല്ല.

2)വിവിധ മുൻകൂറുകൾ അനുവദിക്കുന്നുണ്ടെങ്കിലും രജിസ്റ്ററുകൾ നിയമാനുസൃതം പരിപാലിച്ചിട്ടില്ല.

3)തൊഴിൽ നികുതി ഡിമാൻറ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

4)മുനിസിപ്പാലിറ്റിയിലെ ജീവനക്കാരുടെ ഔദ്യോഗിക കാലയളവ്, മേൽവിലാസം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഇൻകംബൻസി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

5)വാങ്ങലുകളുമായി ബന്ധപ്പെട്ട് വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. അവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ പരിപാലിക്കാതിരിക്കുകയോ, അപൂർണ്ണമായ രേഖപ്പെടുത്തലുകളോടുകൂടിയ നിലയിലുള്ളവയോ ആണ്.

6) ഭരണസമിതിയുടെ മിനിട്സിന് നാളിതുവരെ സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. മിനുട്സ് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ രജിസ്റ്ററിലെ ധാരാളം പുറങ്ങൾ ഒഴിച്ചിട്ടിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി 20.11.19-ലെ മിനുട്സ് രേഖപ്പെടുത്തിയ ശേഷം പേജ് 25 മുതൽ 99 വരെ ഒഴിച്ചിട്ടിട്ടുണ്ട്. 12.02.2020-ലെ യോഗത്തിന്റെ തീരുമാനങ്ങളാണ് അടുത്ത പുറത്തിൽ ചേർത്തിട്ടുള്ളത്.

## 1-25 നഗരസഭാ അധീനതയിലുള്ള വിവിധ സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പദ്ധതി | നഗരസഭാ അധീനതയിലുള്ള വിവിധ സ്കൂളുകളിൽ കളക്ടേഴ്സ് അറ്റ് സ്കൂൾ |
| പദ്ധതി നമ്പർ | 412/19-20 |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ-മുനിസിപ്പാലിറ്റി |
| അടങ്കൽ | 266800/-സംസ്ഥാനാവിഷ്കൃത ഫണ്ട് |
| ചെലവ് | 264600/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | ലഭ്യമല്ല |

പ്രസ്തുത പദ്ധതി പ്രകാരം മുനിസിപ്പാലിറ്റിയുടെ പരിധിയിലെ 11 സ്കൂളുകൾക്ക് ബിൻ നവീകരണം ചെയ്യുവാനാണ് വിഭാവനം ചെയ്തിരുന്നത്. സ്റ്റോക്ക് രജിസ്റ്റർ, പ്രോജക്ട് നടപ്പാക്കിയ സ്കൂളുകളുടെ വിവരം, ബിൻ വിതരണം ചെയ്തതിന്റെ വിവരം, ചെലവ് തുകയുടെ കൈപ്പറ്റ് രസീത്, ബിൽ ബുക്ക് വഴി തുക മാറിയതിന്റെ വിവരം എന്നിവ പദ്ധതി ഫയലിൽ ലഭ്യമല്ല. ആയത്

സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ 12.01.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.7-ന്, കോവിഡ് സാഹചര്യമായതിനാൽ ബിന്നുകൾ വിതരണം ചെയ്തിട്ടില്ലായെന്നും 21.08.2020-ൽ കരാറുകാരന്റെ അക്കൗണ്ടിലേക്കാണ് ബിന്നുകൾ വിതരണം ചെയ്തതിന്റെ തുക നൽകിയിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് .

മേൽ സാഹചര്യത്തിൽ ടി പദ്ധതി പ്രകാരമുള്ള ബിന്നുകൾ സ്കൂളുകൾക്ക് വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിപ്പണം നൽകി ഒരു വർഷത്തിലധികം കഴിഞ്ഞിട്ടും ടി ചെലവ് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെട്ടിട്ടില്ല. ആയത് മോണിട്ടറിംഗ് ഗ്രൂപ്പുകളുടെ ഭാഗത്തുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. പൊതുപണം ചെലവഴിക്കുന്നതിൽ നിരുത്തരവാദപരമായ സമീപനം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-26 കൊതുക് നിവാരണത്തിനായുള്ള മരുന്നും പമ്പും വാങ്ങി, വേതനം നൽകൽ-ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - 2,19,740/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | കൊതുക് നിവാരണത്തിനായുള്ള മരുന്നും പമ്പും വാങ്ങുന്നതിനും വേതനം നൽകലും |
| പദ്ധതി നമ്പർ | 369/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ-മുനിസിപ്പാലിറ്റി |
| അടങ്കൽ | 800000/-രൂപ (400000 - ധനകാര്യ കമ്മിഷൻ ഗ്രാൻറ്+മറ്റുള്ളവ-400000) |
| ചെലവ് | 219740/-രൂപ |
| ബിൽ നമ്പർ, തീയതി, തുക (ACR-ൽ നിന്ന്) | 206/29.11.2019 - 29000/-<br>325/17.02.2020 - 153120/-<br>329/25.02.2020 - 37620/- |

പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകളുടേയും വേതനം നൽകിയതിന്റെയും, പദ്ധതി നടപ്പിലാക്കിയ കുടുംബശ്രീ ഗ്രൂപ്പുകളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാൻ 12.01.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8-ന്, കൊതുകുജന്യ രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി പൊതുയിടങ്ങളിലും വീടുകളിലും വെള്ളക്കെട്ടുള്ള ഇടങ്ങൾ കണ്ടെത്തി കൊതുക് നിവാരണത്തിനുള്ള മരുന്ന് സ്പ്രേ ചെയ്യുന്ന പ്രവൃത്തിയാണ് ലക്ഷ്യമിട്ടിരുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയിലേക്ക് മരുന്ന് വാങ്ങിയതിന്റെയും, വേതനം നൽകിയതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആകയാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി സംബന്ധിച്ച എല്ലാ ചെലവ് രേഖകളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 തുമ്പൂർമൂഴി പരിപാലനം-ശരിയായ ദീർഘവീക്ഷണമില്ലാതെ ഭീമമായ തുക അടങ്കൽ വകയിരുത്തി.

| | |
|---|---|
| പദ്ധതി | തുമ്പൂർമൂഴി പരിപാലനം |
| പദ്ധതി നമ്പർ | 360/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ-മുനിസിപ്പാലിറ്റി |
| അടങ്കൽ | 1200000/-രൂപ ധനകാര്യ കമ്മിഷൻ ഗ്രാൻറ് |
| ചെലവ് | 22146/-രൂപ |
| ബിൽ നമ്പർ, തീയതി, തുക | 21/PH1/19-20/31.03.20 -22146/- |

പ്രസ്തുത പദ്ധതിക്കായി 12,00,000/-രൂപ ധനകാര്യ കമ്മിഷൻ ഗ്രാന്റിനത്തിൽ അടങ്കൽ വകയിരുത്തിയിരുന്നെങ്കിലും 22,146/-രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ദീർഘവീക്ഷണമില്ലാതെ പദ്ധതി രൂപീകരിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. 08.02.2019-ലെ 10-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ശ്രീ.സഹദേവൻ ആശാരിയെ പദ്ധതിയുടെ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2019-20-ൽ പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാത്തതിനുള്ള കാരണം അന്വേഷിച്ച് 12.01.2022-ൽ നൽകിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2019-20 സാമ്പത്തിക വർഷത്തിൽ പ്രസതുത പദ്ധതിക്ക് ഇത്രയും തുക മാത്രം മതിയായിരുന്നുവെന്നും 2020-21-ൽ ടി പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പടുത്തിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ പദ്ധതി രൂപീകരിക്കുമ്പോൾ മതിയായ ആസൂത്രണത്തോടും ശരിയായ ദിശാബോധത്തോടും കൂടി പദ്ധതി വിഭാവനം ചെയ്യുന്നതിനും തുക വകയിരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 നഗരസഭ മാലിന്യ പരിപാലന സഹായി ഗ്രൂപ്പുകൾക്ക് 6 മാസക്കാലത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്-86,372/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | നഗരസഭ മാലിന്യ പരിപാലന സഹായി ഗ്രൂപ്പുകൾക്ക് 6 മാസക്കാലത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട്. |
| പദ്ധതി നമ്പർ | SO 300/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ-മുനിസിപ്പാലിറ്റി |
| അടങ്കൽ | 1347661/-രൂപ (524661/-ധനകാര്യ കമ്മിഷൻ ഗ്രാൻറ് + 823000/-സംസ്ഥാനാവിഷ്കൃത ഫണ്ട്) |

| | |
|---|---|
| ചെലവ് | 170372/-രൂപ |
| ബിൽ നമ്പർ, തീയതി, തുക (ACR പ്രകാരം) | 38/05.04.19-44960/-<br>39/05.04.19-15705/-<br>41/05.04.19-25707/-<br>185/08.11.19-46000/-<br>385/16.03.2020 - 38000/- |

നഗരസഭ മാലിന്യ പരിപാലന സഹായി ഗ്രൂപ്പുകൾക്ക് 6 മാസക്കാലത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതി ഫയലിന്റെ പരിശോധനയിൽ 84,000/-രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ബാക്കി 86,372/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാൻ 12.01.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 10-ന്, വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വിതരണ തുകയായ 86,372/-രൂപ ട്രഷറി ബിൽ മുഖേനയാണ് മാറിയിട്ടുള്ളതെന്നും ആയതിന്റെ വിവരം ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബില്ലുകളുടെ ഓഫീസ് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഹരിതകർമ്മ സേനാംഗങ്ങളുടെ വേതനമാണ് ടി പദ്ധതിയിൽ നിന്നും നൽകിയിട്ടുള്ളതെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ പദ്ധതി ഫയലിൽ പ്രസ്തുത ചെലവ്/വേതനം നൽകിയത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ല. ആയതിനാൽ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വേതനമിനത്തിൽ നൽകിയ 86,372/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. മതിയായ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 പ്രിൻസിപ്പാൾ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ - പൊതു അപാകതകൾ.

1)TR 7A മാതൃകയിലുള്ള ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

2) ഫർണിച്ചർ, സ്പീക്കറുകൾ എന്നിങ്ങനെ വളരെയധികം സാധനങ്ങളും ഉപകരണങ്ങളും തൻവർഷം വാങ്ങിയിട്ടുണ്ടെങ്കിലും ഒന്നിനും സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3) ബില്ലുകളിൽ ഏറിയ പങ്കും മാറുന്നത് പ്രിൻസിപ്പാളിന്റെ അക്കൗണ്ടിലേക്കാണ്. ആയതിൽ നിന്നുള്ള ചെലവിന്റെ രേഖകൾ ലഭ്യമായിട്ടില്ല. പാസ്സ്ബുക്കും ലഭ്യമാക്കിയിട്ടില്ല.

4) ഐ സി ഡി എസ് സൂപ്പർവൈസറുടെ നിർവ്വഹണത്തിൽ വാർഡുകൾ തോറും ബാലസഭകൾ നടത്തിയിട്ടുണ്ട്. എന്നാൽ പ്രിൻസിപ്പാളിന്റെ പ്രോജക്ടിലും ഈ ഇനത്തിൽ തുക ചെലവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. മിനുട്സ് ലഭ്യമാക്കിയിട്ടില്ല.

5) വജ്രജൂബിലി ഫെല്ലോഷിപ്പ് എന്ന പദ്ധതി മുഖേന 6 കലാകാരന്മാർക്ക് പ്രതിമാസം 5000/-രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ, ടിയാളുകളെ ഫെല്ലോഷിപ്പ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സാംസ്കാരികവകുപ്പിന്റെ ലിസ്റ്റ് ലഭ്യമല്ല.

6) നഗരസഭാപ്രദേശത്തെ 4 ഹൈസ്കൂളുകളിൽ നിലവിലില്ലാത്ത തസ്തികകളിൽ ലൈബ്രേറിയന്മാരെ നിയമിച്ച് പദ്ധതി മുഖേന പ്ലാൻ ഫണ്ടിൽ നിന്നും പ്രതിമാസം 7000/- രൂ നിരക്കിൽ വേതനം നൽകിവരുന്നു. പ്രസ്തുത നിയമനങ്ങൾ നിശ്ചിതമാനദണ്ഡങ്ങൾ പാലിച്ചുള്ളവയാണോ എന്ന് വ്യക്തമല്ല. നിയമനങ്ങൾക്ക് സർക്കാരിന്റെ അനുമതിയും ലഭ്യമായിട്ടില്ല. SSA-യുടെ വിനിയോഗസാക്ഷ്യപത്രത്തിൽ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി ഒരു വിഹിതം നീക്കിവെച്ചിട്ടുള്ളതായി കാണുന്നു. ആയത് വിനിയോഗിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും വൻതുകകൾ വേതനത്തിനായി ചെലവഴിക്കുന്നത് ആശാസ്യമല്ല. ക്രമപ്രകാരമല്ലാതെയുള്ള നിയമനങ്ങൾ റദ്ദാക്കുകയും ചെയ്യേണ്ടതാണ്.

7) അക്കാദമിക് കൗൺസിൽ എന്ന പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ബാൻഡ്, നീന്തൽ, ചിത്രരചന മുതലായവ പരിശീലിപ്പിക്കുന്നതിനായി 5 പേരെ നിയമിച്ച് പ്രതിമാസം 3000/-രൂ, 4000/-രൂ നിരക്കുകളിൽ വേതനം നൽകിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം എന്ന പേരിൽ വേറെയും പദ്ധതി രൂപീകരിച്ച് ഒരു നീന്തൽ പരിശീലകയെ പ്രതിമാസം 7000/-രൂ നിരക്കിൽ നിയമിച്ചിട്ടുണ്ട്. ചിത്രകല പരിശീലകയെത്തന്നെ ലൈബ്രേറിയനായും നിയമിച്ച് ആയതിന്റെ വേതനവും നൽകുന്നു. ഇവരൊക്കെ നിശ്ചിത യോഗ്യതയുള്ളവരാണോ, നിയമനത്തിനായി പാലിച്ച നടപടിക്രമങ്ങൾ എന്തൊക്കെ എന്നതും വ്യക്തമല്ല.

## 1-30 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല – 5,53,443/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പോസ്റ്റ് ഷിഫ്റ്റിംഗിനായുള്ള പദ്ധതികൾ ( 276/19 സ്പിൽ-ഓവർ, 394/20 – പുതിയത്) പ്രകാരം ആകെ 553443/-രൂപ ഇലക്ട്രിസിറ്റി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 276/2019 (SO) | 114789 | 109982 |
| 394/2020 | 800000 | 443461 |
| **ആകെ ചെലവ്** | | **553443** |

| ക്രമ നം | ബിൽ നം/തീയതി | തുക | ഏജൻസി |
|---|---|---|---|
| 1 | 16/7.6.19 | 60515/- | KSEB, നെടുമങ്ങാട് |
| 2 | 21/18.7.19 | 8943/- | KSEB, |
| 3 | 34/5.9.19 | 12053/- | KSEB, നെടുമങ്ങാട് |
| 4 | 41/28.10.19 | 28471/- | KSEB, നെടുമങ്ങാട്, |

| | | | |
|---|---|---|---|
| | | | KSEB, വട്ടപ്പാറ |
| 5 | 48/20.12.19 | 8030/- | KSEB, നെടുമങ്ങാട് |
| 6 | 49/20.12.19 | 67436/- | KSEB, തൊളിക്കോട് |
| 7 | 50/20.12.19 | 71658/- | KSEB, നെടുമങ്ങാട് |
| 8 | 61/20.1.20 | 26655/- | KSEB, നെടുമങ്ങാട് |
| 9 | 62/18.1.20 | 16698/- | KSEB, നെടുമങ്ങാട് |
| 10 | 67/5.2.20 | 37020/- | KSEB, നെടുമങ്ങാട് |
| 11 | 69/16.2.20 | 102629/- | KSEB, നെടുമങ്ങാട് |
| 12 | 70/24.2.20 | 24761/- | KSEB, നെടുമങ്ങാട് |
| 13 | 81/23.3.20 | 43765/- | KSEB, നെടുമങ്ങാട് |
| 14 | ലഭ്യമല്ല | 44809/- | KSEB, നെടുമങ്ങാട് |

തുക ഒടുക്കിയതൊഴിച്ചാൽ മറ്റു പ്രവർത്തികൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നത് വ്യക്തമല്ല. ബോർഡുമായി ഇതു സംബന്ധിച്ച് കത്തിടപാടുകളും നടത്തിക്കാണുന്നില്ല. ഇതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3) മറുപടിയും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള കരാർ നിയമനങ്ങൾ റദ്ദാക്കേണ്ടതാണ്.

നഗരസഭയിൽ 2019-20 സാമ്പത്തിക വർഷത്തിൽ നിലവിലുള്ളതും ഇല്ലാത്തതുമായ തസ്തികകളിൽ വ്യാപകമായി താല്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നു. ആരോഗ്യ സബ്സെന്ററിൽ ഡോക്ടർ, NHM പ്രകാരമുള്ള ആയുർവേദാശുപത്രിയിൽ ഫാർമസിസ്റ്റ്, ജില്ലാ ആശുപത്രിയിലെ ഹോസ്പിറ്റൽ കിയോസ്കിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, 3 LDC/ BCമാർ, JHI-II തുടങ്ങി നിരവധി തസ്തികകളിൽ താല്ക്കാലിക നിയമനം നടത്തി പ്ലാൻ/തനതു ഫണ്ടുകളുപയോഗിച്ച് വേതനം നല്കി വരുന്നതായി കാണുന്നു. ഇതു കൂടാതെ പ്രിൻസിപ്പാൾ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികൾ മുഖേന 4 സ്കൂളുകളിൽ ലൈബ്രേറിയന്മാർ; ചിത്രകല, നീന്തൽ, മാജിക്, ബാൻഡ് എന്നിവ പരിശീലിപ്പിക്കുന്നതിനായി 6 അധ്യാപകർ എന്നിവരെയും നിയമിച്ചിട്ടുണ്ട്. ഇപ്രകാരം നിയമനം ലഭിച്ച ആരുടെയും യോഗ്യത സംബന്ധിച്ച അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. നിയമനം സംബന്ധിച്ച ഫയലുകളും ലഭ്യമാക്കിയിട്ടില്ല. കൗൺസിൽ തീരുമാനപ്രകാരം നിയമിച്ചു എന്നു മാത്രമാണ് അറിയിച്ചിട്ടുള്ളത്.

ക്ലാർക്ക് തസ്തികയിൽ താല്ക്കാലിക നിയമനം ലഭിച്ചവരെ നഗരസഭയുടെ ദൈനംദിന പിരിവുജോലികളുടെ ചുമതലയും നൽകിയിട്ടുണ്ട്. ജിംനേഷ്യത്തിന്റെ നടത്തിപ്പു ചുമതലയും താല്ക്കാലിക ജീവനക്കാരനായ ശ്രീ.ശ്രീകേഷ് എന്ന വ്യക്തിയെ (തസ്തിക വ്യക്തമല്ല) ഏല്പിക്കുന്നതായി ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആറു മാസക്കാലയളവിലേക്ക് നിയമിക്കപ്പെടുന്ന പ്രസ്തുത ജീവനക്കാരുടെ സേവനകാലയളവ് വീണ്ടും വീണ്ടും ദീർഘിപ്പിച്ചു നൽകുകയും ചെയ്യുന്നു.

ധനകാര്യവകുപ്പിന്റെ (വ്യയം-സി) 09.07.19ലെ സ.ഉ(അച്ചടി) നം 81/2019/ധന നം ഉത്തരവു പ്രകാരം 90 ദിവസത്തിനു മുകളിലുള്ള കാലയളവിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികയാണെങ്കിൽക്കൂടി സർക്കാരിന്റെ മുൻകൂർ അനുമതി നേടിയിരിക്കണം. എന്നാൽ നെടുമങ്ങാട് നഗരസഭയിൽ ഇത് പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഒഴിവുള്ള തസ്തികകളുടെ വിവരങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന അന്വേഷണത്തിനും മറുപടി ലഭിച്ചിട്ടില്ല. നിയമനങ്ങളിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചോ എന്നും ടിയാളുകളെല്ലാം നിശ്ചിത യോഗ്യതയുള്ളവരാണോ എന്നതും വ്യക്തമല്ല. താൽക്കാലിക നിയമനങ്ങൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതും, സർക്കാർ സാധൂകരണം ലഭ്യമാകാത്ത താൽക്കാലിക നിയമനങ്ങൾ ഉടനടി അവസാനിപ്പിക്കേണ്ടതുമാണ്.

## 1-32 വനിതകൾക്ക് സ്വയം പ്രതിരോധത്തിനായി കരാട്ടേ പരിശീലനം- പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ

പദ്ധതി അടങ്കൽ : 1,00,000/- രൂ (പ്ലാൻ ഫണ്ട്)

ആകെ ചെലവ് : 36,000/- രൂ

ബിൽ നം/ തീയതി : 1/04.07.2019

വനിതകൾക്ക് സ്വയം പ്രതിരോധത്തിനായി കരാട്ടേ പരിശീലനം നൽകാനുദ്ദേശിച്ചുള്ളതാണ് പ്രസ്തുത പദ്ധതി. പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പരിശീലകരായി തെരഞ്ഞെടുക്കപ്പെടാൻ ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ റേറ്റ് രേഖപ്പെടുത്തിയ ശ്രീ.കെ.എസ്.അരുൺ, എ.ആർ സ്പോർട്ട്സ് എന്നയാളെ നിയോഗിച്ചിട്ടുണ്ട്. ടിയാന്റെ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളും ഫയലിൽ ലഭ്യമാണ്. എന്നാൽ കൂടിയ നിരക്കുകൾ രേഖപ്പെടുത്തിയ രണ്ടു പേരെക്കൂടി കുറഞ്ഞ നിരക്ക് തന്നെ നൽകി നിയമിച്ചിട്ടുള്ളതായി കാണുന്നു. ഇവരുടെ യോഗ്യത സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

2) സ.ഉ.(കൈ) നം.17/2018/ത.സ്വ.ഭ.വ തീയതി 02.02.18 ഖ.11.3-ൽ പ്രതിപാദിച്ചിട്ടുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. അയൽക്കൂട്ടങ്ങൾ മുഖേനയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. വാർഡ്സഭ അംഗീകരിച്ച ലിസ്റ്റോ ഗുണഭോക്താക്കളുടെ അപേക്ഷകളോ ലഭ്യമല്ല. നഗരസഭാ പരിധിയിലുള്ളവരാണോ ഗുണഭോക്താക്കൾ എന്നതുപോലും വ്യക്തമല്ല.

3) രണ്ട് മണിക്കൂർ വീതം ദൈർഘ്യമുള്ള ബാച്ചുകളായി 15 ദിവസം കൊണ്ട് 78 പേർക്ക് പരിശീലനം നൽകി എന്ന് കാണിച്ചുള്ള അറ്റന്റൻസ് ഷീറ്റ് മാത്രമാണ് ഫയലിലുള്ളത്. ആയതിൽ എല്ലാ ദിവസങ്ങളിലും ഹാജരാകാത്ത പരിശീലനാർത്ഥികൾ ധാരാളമുണ്ട്. മോണിട്ടറിംഗ് നടത്തേണ്ട ദാരിദ്ര്യലഘൂകരണം വർക്കിംഗ് ഗ്രൂപ്പ് പരിശീലന ക്ലാസ്സുകൾ സന്ദർശിച്ചതായി പോലും രേഖയില്ല.

ആവശ്യകതയെപ്പറ്റി യാതൊരു ധാരണയുമില്ലാതെ പദ്ധതി രൂപീകരിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. നഗരസഭാപ്രദേശത്തെ ദരിദ്രരായവർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നിർവ്വഹണം നടത്തുന്നതിനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - 13,630/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം : 6/20

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി അടങ്കൽ : 500,000/- രൂ (പ്ലാൻ ഫണ്ട്)

അകെ ചെലവ് : 4,94,161/- രൂ

ബിൽ നം/തീയതി : 43/16.11.2019

ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള പ്രസ്തുത പ്രോജക്ട് പ്രകാരം 4,94,161/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. 5 പ്രിന്ററുകൾ, A3 നെറ്റ് വർക്ക്, 11 ഡെസ്ക്ടോപ്പുകൾ എന്നിവ വാങ്ങുന്നതിനു വേണ്ടിയാണ് ഈ തുക ഒടുക്കിയിട്ടുള്ളത്. കെൽട്രോണിന്റെ ഇൻവോയ്സ് പ്രകാരം 5 പ്രിന്ററുകളുടെ വില 73,630/-രൂ ആണ്(14,726/-രൂ നിരക്കിൽ).

എന്നാൽ HP India Sales Pvt. Ltd എന്ന സ്ഥാപനത്തിൽ നിന്ന് 12000 രൂപ വിലയുള്ള പ്രിന്ററുകൾ ആണ് കെൽട്രോൺ ലഭ്യമാക്കിയിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ ഇ-വേ ബിൽ (നം. 291231160858/17.10.20) പ്രകാരം 60,000/-രൂപയ്ക്ക് 5 പ്രിന്ററുകളാണ് സ്ഥാപനത്തിന് സപ്ലൈ ചെയ്തിട്ടുള്ളത്. ഈയിനത്തിൽ കെൽട്രോണിന് അധികമായി നൽകിയ 13,630/-രൂപ തിരികെ ലഭിച്ചിട്ടുണ്ടോ എന്ന എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. പ്രസ്തുത നഷ്ടം കെൽട്രോണിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ലൈബ്രറി - അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ലൈബ്രറി കൗൺസിലിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന നഗരസഭ ലൈബ്രറിക്ക് നിലവിൽ 1745 അംഗങ്ങളാണുള്ളത്. നഗരസഭാ കെട്ടിടത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ലൈബ്രറിയിൽ 16,000-ത്തോളം പുസ്തകങ്ങളും 2010 മുതൽക്കുള്ള ഗസറ്റുകളും ഉൾപ്പടെ ഒരു വലിയ ശേഖരം തന്നെയുണ്ട്.

വളരെയധികം അംഗങ്ങളും പുസ്തകങ്ങളും ഉണ്ടെങ്കിലും ലൈബ്രറിക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നഗരസഭ നാളിതുവരെ തയ്യാറായിട്ടില്ല. അടച്ചുറപ്പുള്ള അലമാരകളില്ലാത്തതിനാൽ 2500-ഓളം പുസ്തകങ്ങൾ ചിതലരിച്ചും മറ്റും ജീർണ്ണിച്ച അവസ്ഥയിലാണ്. സ്റ്റോക്കും മറ്റും കാലികമാക്കി സൂക്ഷിക്കാനുതകുന്ന ഒരു കമ്പ്യൂട്ടർ സംവിധാനവും സ്ഥാപനത്തിലില്ല. ഇഷ്യൂ ചെയ്ത പുസ്തകങ്ങൾ വളരെക്കാലമായി തിരികെക്കിട്ടാത്ത അവസ്ഥയും നിലനിൽക്കുന്നു.

ലൈബ്രറി കൗൺസിലിൽ നിന്നുള്ള ഗ്രാന്റാണ് ഗ്രന്ഥശാലയുടെ മുഖ്യവരുമാനം. എന്നാൽ വാർഷികാടിസ്ഥാനത്തിൽ പുസ്തകങ്ങൾ വാങ്ങുന്നതിനു മാത്രമേ ഇത് പര്യാപ്തമാകാറുള്ളൂ. ചിതലരിച്ചുതുടങ്ങിയ പുസ്തകങ്ങൾ ബയന്റ് ചെയ്ത് സൂക്ഷിക്കുന്നതിനും വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ കിട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അലമാരകൾ, കമ്പ്യൂട്ടർ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്. പുസ്തകപ്രദർശനം, വായനാവാരം മുതലായ പരിപാടികളിലൂടെയും കൂടുതൽ ആനുകാലികങ്ങൾ, മത്സരപ്പരീക്ഷകൾക്കുള്ള പുസ്തകങ്ങൾ എന്നിവയിലൂടെ അംഗങ്ങളുടെ എണ്ണം കൂട്ടുന്നതിനും ശ്രമിക്കാവുന്നതാണ്.

വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വളരെ ഉപകാരപ്രദമായി മാറേണ്ട നഗരസഭ ലൈബ്രറിക്ക് വേണ്ട അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കി പുനരുദ്ധരിക്കുന്നതിലേക്ക് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികൾ - രേഖകൾ ഹാജരാക്കാത്തതിനാൽ 1315124/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1) പ്രോജക്ട് : ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ (നം.295/2020)

അടങ്കൽ/ചെലവ് : 129932/- രൂപ (പ്ലാൻ ഫണ്ട്)

ബിൽ നം/തീയതി : 7/15.11.19

മേൽ പദ്ധതിപ്രകാരം കെൽട്രോണിൽ നിന്നും ഭിന്നശേഷിക്കാർക്കായി പത്തിനം സഹായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററോ വിതരണ വിവരങ്ങളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റോ ഗുണഭോക്താക്കളുടെ അപേക്ഷകളോ ലഭ്യമല്ല. ആകയാൽ ചെലവു തുക (129932/- രൂപ) തടസ്സപ്പെടുത്തുന്നു.

2) പ്രോജക്ട് : വയോജനങ്ങൾക്ക് കട്ടിൽ (നം.290/2020)

അടങ്കൽ/ചെലവ് : 1185192/- രൂപ (പ്ലാൻ ഫണ്ട്)

പ്രസ്തുത പദ്ധതിക്കായി ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്ന് 300 കട്ടിലുകൾ വയോജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുണ്ട്. ആയതിനം സ്റ്റോക്ക് രജിസ്റ്റർ, വിതരണവിവരങ്ങൾ, ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ മുതലായവ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക (1185192/- രൂപ) തടസ്സപ്പെടുത്തുന്നു.

**1-36 ലൈബ്രറി റൂം സജ്ജമാക്കൽ - മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് - 114016/-രൂപ തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് :സ്കൂളുകളിൽ ലൈബ്രറി റൂം സജ്ജമാക്കൽ (നം. 196/20)

നിർവ്വഹണോദ്യോഗസ്ഥൻ :പ്രിൻസിപ്പാൾ

പദ്ധതി അടങ്കൽ :5,00,000/-രൂ (MG ഗ്രാന്റ് - റോഡിതരം)

ആകെ ചെലവ് :1,14,016/- രൂ

ബിൽ നം/തീയതി :1) 40/22.2.20 - 16,990/-രൂ

2)267/1.1.20 - 97026/- രൂ (ACRൽ നിന്നും)

സ്കൂളുകളിലെ ലൈബ്രറി മുറികളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ട് വിഭാവനം ചെയ്തതാണ് ഈ പ്രോജക്ട്. എന്നാൽ വിവിധ പ്രദർശനങ്ങൾ, പുസ്തകശാലകൾ എന്നിവിടങ്ങളിൽ നിന്നും പുസ്തകങ്ങൾ വാങ്ങുക മാത്രമാണ് ഈ തുക ഉപയോഗിച്ച് ചെയ്തിട്ടുള്ളത്. അതാത് സ്കൂളുകളിലെ മേധാവികളുടെ താല്പര്യപ്രകാരമുള്ള പുസ്തകങ്ങളാണ് വാങ്ങിയതെന്നാണ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഏതുതരം പുസ്തകങ്ങളാണ് വാങ്ങിയതെന്നോ അവ സ്കൂളുകളിൽ ഉപയോഗിക്കുന്നുണ്ടോ എന്നതിലൊന്നും നിർവ്വഹണോദ്യോഗസ്ഥന് വ്യക്തതയില്ല. പുസ്തകങ്ങൾ വാങ്ങിയ ബില്ലുകൾ ലഭ്യമായപ്പോൾ സ്കൂളുകൾക്ക് തുക നൽകി എന്നാണ് പ്രിൻസിപ്പാൾ അറിയിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബില്ലുകൾ മുഴുവൻ മാറിയിട്ടുള്ളത് പ്രിൻസിപ്പാളിന്റെ അക്കൗണ്ടിലേക്കാണ്. ഇതിൽ നിന്നുള്ള ചെലവു രേഖകളോ സ്കൂൾ മേധാവികളുടെ കൈപ്പറ്റുരസീതുകളോ ഒന്നും ലഭ്യമല്ല. ടി അക്കൗണ്ടിന്റെ പാസ്സ്ബുക്കും ലഭ്യമാക്കിയിട്ടില്ല. ലൈബ്രറി നവീകരണത്തിനായി അംഗീകരിച്ച പദ്ധതി പ്രകാരം പുസ്തകങ്ങൾ വാങ്ങിയതിന് കമ്മിറ്റി തീരുമാനവും ഉള്ളതായി കാണുന്നില്ല. കൃത്യമായ ചെലവുരേഖകളൊന്നും സൂക്ഷിക്കാതെ തികച്ചും നിരുത്തരവാദപരമായി നടത്തിയ ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പരിശോധനയ്ക്കാവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-37 ബേം കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോംവർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-4,748/-രൂപ തടസപ്പെടുത്തുന്നു.**

ചുവടെ പറയുന്ന ബേം കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോംവർക്ക് ഉൾപ്പെടുന്ന 11.4.3.1 എന്ന സ്പെസിഫിക്കേഷനാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബേം കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോംവർക്ക് ആവശ്യമില്ലാതിരിക്കെ ഫോംവർക്ക് ഉൾപ്പെടുത്തിയാണ് പ്രവൃത്തി നിർവ്വഹിച്ചത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**A. 381/20-ഞാറക്കാട് ലൈൻ നവീകരണം**

എം ബുക്ക് നം.15/18-19, Page 18

Berm 1, Berm 2 എന്നിവ 5.45 $M^3$ അളവ് 8302.27/$M^3$ നിരക്കിൽ ചെയ്തിട്ടുണ്ട്.

Est No. 2018/20078

TS No. 78201/18-19, 30.7.18, 5 ലക്ഷം

Agreement No. 121/AE/NMC/18-19,10.10.18

കരാറുകാരൻ : ശുഭ റ്റി

Cost Index : 44.12 %

Tender Below : 10.0015%

ബിൽ നം : 269/30.12.18, 3,37,602/-

: 197/20.11.2019, 22,412/-

**B. 253/20-മണ്ഡപത്തിൻ കടവ് റോഡ്**

എം ബുക്ക് നം.86/18-19, Page 14

Berm Concrete 9.965 $M^3$ അളവ് 8302.27/$M^3$ നിരക്കിൽ ചെയ്തിട്ടുണ്ട്.

TS No. 78060/18-19, 30.7.18, 5 ലക്ഷം

Agreement No. 143/AE/NMC/18-19, 18.7.2019

കരാറുകാരൻ : ദിലീപ്

Cost Index : 44.12 %

Tender Rate

ബിൽ നം : 62/5.4.19, 450391/-

IV 11.1.19 തീരുമാന പ്രകാരം റിവൈസ് ചെയ്തു.

**അംഗീകൃത നിരക്ക്**

Mord 11.4.3.1 Providing Concrete For Plain/Reinforced Concrete In Open Foundations Complete As Per Drawings And Technical Specifications Clause 802, 803, 1202&1203

III.P.C.C. Grade M20 (I)Nominal Mix (1:2:4)

| Item | Unit | Quantity | Rate Rs | Cost RS |
|---|---|---|---|---|
| A) Material | | | | |
| Cement | Tonne | 0.33 | 5792.24 | 1911.44 |
| Coarse Sand | Cum | 0.45 | 1303.77 | 586.70 |
| 40 Mm Aggregate | Cum | 0.36 | 1362.79 | 490.60 |
| 20 Mm Aggregate | Cum | 0.36 | 1403.77 | 505.36 |
| 10 Mm Aggregate | Cum | 0.18 | 1403.77 | 252.68 |
| B) Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist Class) | Day | 0.1 | 487 | 48.7 |
| Mazdoor (Unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| C) Machinery | | | | |
| Concrete Mixer 0.28/0.4 Cum ........<br>Form Work @4% On (A+B+C) | Hour | 0.4 | 100 | 40<br>183.11 |
| Cost Of 1.0 Cum | | | | 4760.88 |
| Add Overhead @ 10% | | | | 476.08 |
| Add CP | | | | 523.69 |
| Total | | | | 5760.65 |
| Cost Index @44.12% | | | | 2541.60 |
| Total For 1Cum | | | | **8302.27** |

മേൽ നിരക്ക് ഫോം വർക്ക് ഉൾപ്പെടെയുള്ള കോൺക്രീറ്റിനാണ് അനുവദിക്കേണ്ടത്. മുനിസിപ്പാലിറ്റിയിലെ ടാർ റോഡുകളുടെ ബേംകോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്കിന്റെ ആവശ്യമില്ല. ആയതിനാൽ ഫോം വർക്കിനുള്ള തുക കുറച്ചുകൊണ്ടുള്ള നിരക്കാണ് അനുവദനീയം. അനുവദിക്കേണ്ടിയിരുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| Item | Unit | Quantity | Rate Rs | Cost RS (Excluding Charges For Formwork) |
|---|---|---|---|---|
| A) Material | | | | |
| Cement | Tonne | 0.33 | 5792.24 | 1911.44 |
| Coarse Sand | Cum | 0.45 | 1303.77 | 586.70 |
| 40 Mm Aggregate | Cum | 0.36 | 1362.79 | 490.60 |
| 20 Mm Aggregate | Cum | 0.36 | 1403.77 | 505.36 |

| | | | | |
|---|---|---|---|---|
| 10 Mm Aggregate | Cum | 0.18 | 1403.77 | 252.68 |
| B) Labour | | | | |
| Mate | Day | 0.08 | 407 | 32.56 |
| Mason(Ist Class) | Day | 0.1 | 487 | 48.7 |
| Mazdoor (Unskilled) | Day | 1.63 | 368 | 599.84 |
| Bhisti | Day | 0.27 | 407 | 109.89 |
| C) Machinery | | | | |
| Concrete Mixer 0.28/0.4 Cum ........ Form Work @4% On (A+B+C) | Hour | 0.4 | 100 | 40 |
| Cost Of 1.0 Cum | | | | 4577.77 |
| Add Overhead @ 10% | | | | 457.78 |
| Add CP | | | | 503.55 |
| Total | | | | 5539.10 |
| Cost Index @44.12% | | | | 2443.85 |
| Total For 1Cum | | | | **7982.95** |

| ക്രമ നം | പ്രോജക്റ്റ് പേര് | അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 381/20- ഞാറക്കാട് ലൈൻ നവീകരണം | 5.45 $M^3$ | 5.45 X 8302.27 = 45247.37 | 5.45 X 7982.95 = 43507.07 | 1740-174.0261(10.0015 % Below)= 1566 |
| 2 | 253/20- മണ്ഡപത്തിൻ കടവ് റോഡ് | 9.965$m^3$ | 9.965 X 8302.27=82732.12 | 9.965 X7982.95 = 79550.09 | 3182 |
| | | | | **ആകെ** | **4,748/-** |

ഫോം വർക്ക് ഉൾപ്പെടുത്തി പ്രവൃത്തി ചെയ്തതിനു കാരണം വ്യക്തമാക്കുന്നതിനായി 17.1.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-26 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ടി തുക ഓഡിറ്റ് തടസപ്പെടുത്തുന്നു.

## 1-38 ചിറ നവീകരണ പ്രവൃത്തികൾ -കുഴിച്ചെടുത്ത മണ്ണിന്റെ Disposal സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1. Project No.281/20-വേങ്കോട്ട്കോണം ചിറ നവീകരണം**

നിർവ്വഹണോദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

കരാറുകാരൻ-പ്രദീപ്

Agreement No.62/AE/NMC/18-19, 8.8.18

എം ബുക്ക് നം.43/18-19, Page No-7 പ്രകാരം 2.6.1 Specification പ്രകാരം 927.38 $M^3$ എസ്കവേഷൻ നടത്തിയിട്ടുണ്ട്.

ഇതിൽ The Mud Obtained From Pond Claring Is Not Suitable For Any Departmental Use.Hence It Is Disposed എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

**2.Project No.262/20- ഉള്ളിയൂർ ചിറ നവീകരണം**

നിർവ്വഹണോദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ
കരാറുകാരൻ-പ്രദീപ്

Agreement No.62/AE/NMC/18-19, 8.8.18

എം ബുക്ക് നം.37/18-19, Page No-17 പ്രകാരം 2.6.1 Specification പ്രകാരം 920 $M^3$ എസ്കവേഷൻ നടത്തിയിട്ടുണ്ട്.

ഇതിന്റെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ടി രണ്ട് പ്രവൃത്തികളിൽ കൂടി ലഭിച്ച മണ്ണ്/ചെളിയുടെ Disposal, ആയവ നീക്കം ചെയ്യുന്നതിന് Geology വകുപ്പിൽ നിന്നും ലഭിച്ച രേഖകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 20.1.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 45 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി രണ്ട് പ്രവൃത്തികളിൽ കൂടി ലഭിച്ച മണ്ണ്/ചെളിയുടെ Disposal സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-39 തെരുവ് വിളക്ക് പരിപാലന പദ്ധതിയിലെ അപാകതകൾ-979392/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ
അടങ്കൽ – 1507139/- (CFC ഗ്രാന്റ്)
ചെലവ് – 4,11,886/-

ബിൽ നമ്പർ : 235/19.12.2019 – 4,11,886/- (ACR ബിൽ)

**1. തെരുവു വിളക്ക് പരിപാലന പദ്ധതിയിലെ പർച്ചേസുകളിൽ ടി.ഡി.എസ്. ഈടാക്കുന്നില്ല.**

Street Light Maintenance Project No.445/20 പ്രകാരം ബ്രൈറ്റ് ഏജൻസിക്ക് 4,11,886/-രൂപയും(ബിൽ നം. 236/19.12.19), പ്രോജക്ട് നം.391/20 പ്രകാരം United Energy Agency-ക്ക് 567506/- രൂപയും (ബിൽ നം. 233/19.12.19) നൽകിയിട്ടുണ്ട്. എന്നാൽ ടി ബില്ലുകളിൽ നിന്നും 2% TDS ഈടാക്കിയതായി കാണുന്നില്ല.

Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5 ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. എന്നാൽ നഗരസഭ പദ്ധതി പ്രകാരമുള്ള വാങ്ങലിന് ജി.എസ്.ടി, ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

ഈടാക്കാനുള്ള നികുതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ബിൽ തുക | ഈടാക്കാനുള്ള നികുതി |
|---|---|---|---|
| 1 | ബ്രൈറ്റ് ഏജൻസി | 4,11,886 | 8237 |
| 2 | United Energy Agency | 5,67,506 | 11350 |
| | | **ആകെ** | **19587/-** |

ഇപ്രകാരം ടി.ഡി.എസ്. ഈടാക്കാത്തത് സംബന്ധിച്ച് 20.1.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 45 നൽകിയിരുന്നു. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കി അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2. തെരുവു വിളക്ക് പരിപാലനം പ്രോജക്ട് നം. 391/20,445/20 – ആവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.**

(എ) നഗരസഭയിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ ഡി.എ3/2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2-നുള്ള കുറിപ്പ് (ഇ) നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഒരു പരാതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

(ബി) വാർഡ് കൗൺസിലർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് തുക നല്കുന്നത്. ഈ കണക്കുകളിൽ പ്രവൃത്തി നടത്തിയതെന്നെന്ന് വ്യക്തതയില്ല. ഏതാനും ഇലക്ട്രിക്ക് പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

(സി) അറ്റകുറ്റപണികൾക്കായി വാങ്ങുന്ന ഉപകരണങ്ങൽ നഗരസഭ സ്റ്റോക്കിൽ എടുക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

(ഡി) കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ നഗരസഭയിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ നഗരസഭയിൽ സ്വീകരിക്കുന്നതിന്റെയും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

(ഇ) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

(എഫ്) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. മുനിസിപ്പൽ എഞ്ചിനീയറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനായി 21.1.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-50 നൽകിയിരുന്നു. എന്നാൽ ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ പ്രോജക്ട് നം. 391/20, 445/20 പ്രകാരം തൻവർഷം ചെലവു ചെയ്ത 9,79,392/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-40 ഓട നിർമ്മാണത്തിൽ റോഡിനാവശ്യമായ കനത്തിൽ നിർമ്മാണം നടത്തിയതു വഴി അധിക ചെലവുണ്ടായി.

**പ്രോജക്ട് നം.75/20, പനങ്ങോട്ടോല-കുരോട്ടുമല റോഡ് സൈഡിൽ ഓട നിർമ്മാണം.**

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ടി പ്രവൃത്തിയിൽ 113.8മീറ്റർ നീളത്തിൽ Drain നിർമ്മിക്കുന്നു. ആയതിന് M Book 17/2019-20 Page 3,10 Item 2 പ്രകാരം 1:3:6 (M10) 10 Cm കനത്തിൽ (12.93 M3) ബെയിസ് കോട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് Page No.7, 11 Item 4 പ്രകാരം വിയറിംഗ് കോട്ടായി 1:2:4 (M20) 5cm കനത്തിൽ ( 3.69 $M^3$)നൽകിയിട്ടുണ്ട്. സാധാരണ കോൺക്രീറ്റ് റോഡുകൾക്ക് 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 5cm കനത്തിലും കൊടുക്കുന്നത്. ഭാരമേറിയ വാഹനങ്ങൾ കടന്നു പോകുന്ന കോൺക്രീറ്റ് റോഡിന് 15 Cm കനം മതി എന്നിരിക്കെ വെള്ളം മാത്രം ഒഴുകുന്ന ഡ്രൈനേജിന് 15cm കനം കൊടുത്തത് വഴി അനാവശ്യചെലവുണ്ടായി. ഇപ്രകാരം അധിക ചെലവ് ഉണ്ടാകുന്ന തരത്തിൽ പ്രവൃത്തി നിർവ്വഹിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി 12.1.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-14 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ പ്രവൃത്തിയിൽ 1:3:6 സിമെന്റ് കോൺക്രീറ്റിംഗ് 10cm കനത്തിൽ മാത്രം നൽകിയിരുന്നെങ്കിൽ ഇപ്രകാരമുള്ള അധിക ചെലവ് ഒഴിവാക്കാമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-41 കരാറുകാരുടെ ജി.എസ്.ടി കോമ്പൻസേഷൻ- സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.**

സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീയതി 1-11-2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. സർക്കുലർ നമ്പർ 18/19 ധനം/ തീയതി 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം 12% ജി എസ് ടി കോമ്പൻസേഷൻ ഉൾപ്പടുത്തിയാണ് മരാമത്തു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ബിൽ തയ്യാറാക്കുമ്പോൾ പ്രവൃത്തി മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. പ്രവൃത്തിമൂല്യത്തോടൊപ്പം GST ഇനത്തിൽ ഓരോ പ്രവൃത്തികൾക്കും പഞ്ചായത്ത് ഫണ്ടിൽ നിന്ന് കരാറുകാരന് തുക നല്കുന്നതിനാൽ GST കോംപൻസേഷൻ ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് കരാറുകാരൻ ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു. ജി.ഒ(ആർ.ടി)നം.2532/2018/തസ്വഭവ തീയതി 29-9-2018 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിന് കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ വാങ്ങിയിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 12.01.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 14 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുള്ള പ്രവർത്തികളുടെ കരാറുകരുടെ സെൽഫ് ഡിക്ലറേഷൻ, ടാക്സ് ഇൻവോയിസുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**1-42 വാർഡ് സഭകൾ ചുമതലകൾ നിർവ്വഹിക്കുന്നില്ല.**

1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 42.എ.3 പ്രകാരം വാർഡ് സഭകൾ മൂന്ന മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. എന്നാൽ നെടുമങ്ങാട് നഗരസഭയിൽ വാർഡ് സഭകൾ 2019-20 സാമ്പത്തിക വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കൾക്ക് അറിയിപ്പ് നൽകുന്നതും 2020-21-ലെ വാർഷിക പദ്ധതികൾക്കു വേണ്ടി വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുന്നതും മാത്രമാണ് വാർഡ് സഭകൾ നിർവ്വഹിച്ചിട്ടുള്ള ചുമതലകൾ.

വാർഡ് സഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്യപ്പെടുന്നില്ല. നിർവ്വഹണം പൂർത്തീകരിച്ച പദ്ധതികളുടെ അവലോകനമോ പ്രാദേശികമായ ആവശ്യകതകളോ ചർച്ച ചെയ്യപ്പെടുന്നില്ല. പദ്ധതി രൂപീകരണത്തിലും യാതൊരു പങ്കും വഹിക്കാതെ വാർഡ് സഭകൾ വെറും ചടങ്ങുകളാകുന്ന അവസ്ഥയാണുള്ളത്.

മുൻവർഷത്തെ വികസനപരിപാടികളും നടപ്പുവർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നവയും അതിനു വേണ്ടിവരുന്ന ചെലവും ഓരോ വർഷത്തെയും ആദ്യ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. മുൻവർഷത്തെ ഭരണനിർവ്വഹണ റിപ്പോർട്ടും അവതരിപ്പിക്കണം. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡ് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നഗരസഭയെ അറിയിക്കുകയും ചെയ്യേണ്ടതാണ്. മുൻയോഗത്തിലെ ഏതെങ്കിലും തീരുമാനങ്ങൾ നടപ്പാകാതെയുണ്ടെങ്കിൽ ആയതിന്റെ കാരണവും സഭയെ അറിയിക്കേണ്ടതാണ്.

നല്ല രീതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കി വാർഡ് സഭകൾ കൃത്യസമയത്ത് സംഘടിപ്പിക്കുന്നുവെന്നും അവ തങ്ങളിലർപ്പിതമായിരിക്കുന്ന ചുമതലകൾ ഭംഗിയായി നിറവേറ്റുന്നുവെന്നും അധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | KSEB | നഗരസഭയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന്(250/20) | 2227798/- | - | 2227798/- |
| 2 | KSEB | ഗതാഗത തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (276/20) | 109982/- | - | 109982/- |
| 3 | KSEB | ഗതാഗത തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (394/20) | 443461/- | - | 443461/- |

അപാകത ഖ 1-2-11 -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദ വിവരം (AFS പ്രകാരം).

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2019-20-ൽ തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| HUDCO വായ്പ * | GO(RT)No. 913/13/LSGD Dt.05.04.2013 | 55394227 | 205632000 | 3770000 | 196752000 |
| KURDFC Loan | | 286512000 | 15340217 | 4817756 | 10522461 |
| Loan From Other Bank** | | - | 9416715 | - | - |

*HUDCO വായ്പ /വായ്പാതിരിച്ചടവിന്റെ ബന്ധപ്പെട്ട് ലോൺ രജിസ്റ്റർ, AFS, Expenditure Statement എന്നിവ തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

**Loan From Other Bank ഇനത്തിൽ 2018-19-ൽ നീക്കിയിരിപ്പ് ഉണ്ടെങ്കിലും 2019-20 ലെ AFS പ്രകാരം തുക തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമയില്ല. എന്നാൽ 2019-20 ലെ AFS-ൽ നീക്കിയിരിപ്പുമില്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | തുക |
|---|---|---|
| ബാങ്ക് ഓഫ് ബറോഡ | 904004 | 22216074 |
| ബാങ്ക് ഓഫ് ബറോഡ | 903954 | 5712708 |
| എസ്.ബി.ഐ | 67062823583 | 2778344 |
| ഡി.സി.ബി(NDD) | 02032180673220161311 | 2658082 |
| **ആകെ** | | **33365208/-** |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീ. |
|---|---|---|---|---|
| 2018-19 | 3-1 | 9660 | കൃഷ്ണകുമാർ, അസി.എൻജിനീയർ | 01/120010106981 തീ.19/10/2020 |

## 4-7 സമാഹൃത ഒഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത ഒഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2013-14 | 6.2.3 | 2015 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2014-15 | 2.1, 2.2 | 2016 | ലഭ്യമല്ല | ഷോപ്പിംഗ് കോംപ്ലക്സ് | നിലനിൽക്കുന്നു |
| 2016-17 | 3.1 | 2017-18 | 1.3.3 | നെടുമങ്ങാട് മാർക്കറ്റ് Biogas Plant പ്രവർത്തനരഹിതം | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ്നടപടികളുടെ വിവരം

**ലഭ്യമല്ല.**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ.സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 12,71,61,395 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43,66,21,540 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48,28,52,878 |
| നീക്കിയിരിപ്പ് | 8,09,30,057 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,65,46,851 |

**ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 5,01,250/- | ഡോ.സൈറ.ആർ, സീനിയർ വെറ്ററിനറി സർജൻ |
| 1-17 | 1,39,136/- | ഹെൽത്ത് ഓഫീസർ |
| 1-22 | 1,26,20,000/- | പ്രോജക്ട് ഓഫീസർ |
| 1-26 | 2,19,740/- | ഹെൽത്ത് ഓഫീസർ |
| 1-28 | 86,372/- | ഹെൽത്ത് ഓഫീസർ |
| 1-30 | 5,53,443/- | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 1-33 | 13,630/- | ശ്രീ.എസ്.നാരായണൻ, സെക്രട്ടറി |
| 1-35 | 13,15,124/- | ICDS സൂപ്പർവൈസർ |
| 1-36 | 1,14,016/- | ശ്രീ.സരസ് ചന്ദ്രൻ, പ്രിൻസിപ്പൽ |
| 1-37 | 4,748/- | ശ്രീ.കൃഷ്ണകുമാർ.പി മുനിസിപ്പൽ എൻജിനിയർ |
| 1-39 | 9,79,392/- | ശ്രീകൃഷ്ണകുമാർ.പി മുനിസിപ്പൽ എൻജിനിയർ |
| **ആകെ** | **1,65,46,851/-** | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടാകുന്ന നഷ്ടത്തിന്റെ വിവരം.**

**ഇല്ല**

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണങ്ങൾ ആവശ്യമായവ**

**ഇല്ല.**

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസം**

**ഇല്ല.**

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.എം.എൽ/4/795/2000, തീയതി 02.01.2003 | 40 |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ/65/04, തീയതി.22.12.2004 | 40 |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ/473/08, തീയതി.24.10.2008 | 37 |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ/359/04, തീയതി.31.07.2004 | 18 |
| 1999-00 | എൽ.എഫ്.റ്റി.ഡി.എം.എൽ/1117/03, തീയതി.24.10.2008 | 24 |
| 2000-01 | എൽ.എഫ്.റ്റി.ഡി.എം.എൽ/22/08, തീയതി.20.04.2009 | 39 |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/139/09, തീയതി.20.04.2009 | 50 |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/1819/07, തീയതി.25.11.2008 | 22 |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/1846/07, തീയതി 20.04.2009 | 43 |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/1544/09, തീയതി.06.08.2012 | 16 |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/9630/11, തീയതി.31.05.2011 | 24 |
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1430/12, തീയതി.27.12.2012 | 11 |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/533/11, തീയതി.23.06.2012 | 25 |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/1119/1, തീയതി. 25.11.2013 | 22 |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/2356/13, തീയതി.21.03.2013 | 25 |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/1471/11, തീയതി.25.11.2013 | 21 |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/99/15, തീയതി.30-03-15 | 36 |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/1066/14, തീയതി. 01-10-14 | 30 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1168/15, തീയതി 29.9.15 | 24 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./എം.എൽ.1361/2016 തീയതി. 01.08.16 | 14 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/21/17 തീയതി 12.01.17 | 29 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/2053/17 തീയതി 03.11.17 | 46 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 35/19 തീയതി 09.07.2019 | 48 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./എം.എൽ 337/20 തീയതി 22.05.20 | 35 |

1995-96 സാമ്പത്തിക വർഷത്തിനു മുമ്പുള്ള റിപ്പോർട്ടുകളുടെ വിവരങ്ങൾ ലഭ്യമല്ല.

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.**

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്